# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15 | No.6 | കാർത്തികപ്പള്ളി | R.No. 7361/02 | 2015 JUNE

e-paper : vedabhimani


## നസ്രേത്തിലെ വീട്




യേശു ബാലനായിരുന്നപ്പോൾ താമസിച്ചിരുന്ന നസ്രേത്തിലെ വീട് കണ്ടെത്തിയതായി അവകാശവാദം.

എ.ഡി. 670-ൽ ഐറിഷ് സന്യാസി ആബോട്ട് ആഡംനാം എഴുതിയ യാത്രാവിവരണത്തിന്റെ സഹായത്തോടെയാണു പ്രൊഫ. കെൻ ഡാർക്കിന്റെ നേതൃത്വത്തിലുള്ള സംഘം വീട് കണ്ടെത്തിയത്. ഫ്രാങ്കിഷ് മെത്രാനായിരുന്ന ആർകൾഫിന്റെ ജറുസലേം സന്ദർശനം അടിസ്ഥാനമാക്കിയാണു യാത്രാവിവരണം തയാറാക്കിയത്.

രണ്ട് ശവകുടീരങ്ങൾക്കു മധ്യേ ഒരു പള്ളിയുടെ അടിയിലാണു യേശുവിന്റെ നസ്രേത്തിലെ വീടെന്നാണു യാത്രാക്കുറിപ്പിലുള്ളത്. മെത്രാൻ സഞ്ചരിച്ച പാതയെക്കുറിച്ചുള്ള വിവരവും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണു ഗവേഷണം നടത്തിയത്. പ്രതികൂല സാഹചര്യം മറികടന്നാണു വീട് കണ്ടെത്തിയതെന്നു പ്രൊഫ.കെൻ അറിയിച്ചു. 12-ാം നൂറ്റാണ്ടിൽ ഈ മേഖലയിലെ പള്ളികൾ തകർക്കപ്പെട്ടിരുന്നു. എന്നാൽ ആദ്യ നൂറ്റാണ്ടിലെ നിർമാണ വിദ്യ നസ്രേത്തിലെ വീട് തിരിച്ചറിയാൻ സഹായകമായതായി അദ്ദേഹം പറഞ്ഞു. ആദ്യ നൂറ്റാണ്ടുകളിലെ യഹൂദ ഭവനങ്ങളുടെ മാതൃകയിലാണു നസ്രേത്തിലെ വീട് നിർമിച്ചിരിക്കുന്നത്.

2009-ൽ ഇസ്രയേൽ ഗവേഷകർ യേശുവിന്റേതെന്നു കരുതുന്ന ഭവനം കണ്ടെത്തിയിരുന്നു. എന്നാൽ പിന്നീട് ഇതിനു സ്ഥിരീകരണം ലഭിച്ചില്ല. പുതുതായി കണ്ടെത്തിയ ഭവനം സംബന്ധിച്ചും ക്രിസ്തീയ ചരിത്രകാരന്മാർക്കിടെ ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ട്.

## ബഹിരാകാശത്തുനിന്ന് വൈദ്യുതി



ഫുക്കുഷിമ ആണവ ദുരന്തത്തിനു ശേഷമാണു പ്രകൃതിക്കിണങ്ങാത്ത ഊർജോൽപാദനം വേണ്ടെന്ന നിലപാടിൽ ജപ്പാനെത്തിയെത്ത്. പുതിയ ഊർജ സ്രോതസിനുള്ള ഗവേഷണം വിജയത്തിലേക്കു നീങ്ങുകയാണ്. അന്തരീക്ഷത്തിലൂടെ വൈദ്യുതി കടത്തിവിടാവുന്ന സംവിധാനമാണു മിസ്തുബിഷിയിലെ ഗവേഷകർ യാഥാർഥ്യമാക്കിയത്. മൈക്രോവേവുകളുടെ സഹായത്തോടെയാണു 55 മീറ്റർ അകലത്തേക്കു 1.8 കിലോവാട്ട് വൈദ്യുതി എത്തിച്ചത്. ചെറിയ ദൂരത്തേക്കാണു വൈദ്യുതി കടത്തിവിട്ടതെങ്കിലും വൈദ്യുതി വിതരണ മേഖലയിൽ ഇതു വിപ്ലവം സൃഷ്ടിക്കുമെന്നാണു പ്രതീക്ഷ.

ബഹിരാകാശത്ത് സ്ഥാപിക്കുന്ന സോളാർ പവർ സംവിധാനത്തുനിന്നു ഭൂമിയിലേക്ക് വൈദ്യുതി എത്തിക്കുകയാണു മിസ്തുബിഷിയുടെ അന്തിമ ലക്ഷ്യം.

## ഇന്ന് ചെകുത്താൻ, നാളെ ദൈവം



കേട്ടിട്ട് വിശ്വാസം വരുന്നില്ല, അല്ലേ? ചെകുത്താനെ ആരാധിക്കുന്നവരും ഈ ലോകത്തുണ്ട്! പടിഞ്ഞാറൻ ഇറാഖിലെ മുപ്പതിനായിരത്തോളം വരുന്ന യെസീദി എന്ന ജനവിഭാഗമാണ് ചെകുത്താനെ ആരാധിക്കുന്നത്.

രണ്ടു ശക്തികളാണ് ഈ പ്രപഞ്ചം ഭരിക്കുന്നതെന്ന് യെസീദികൾ വിശ്വസിക്കുന്നു. ഒന്ന് നന്മയുടെ പ്രതിരൂപമായ മാലിക് ഈശോ അഥവാ ഈശ്വരൻ; മറ്റൊന്ന് തിന്മയുടെ പ്രതീകമായ ഷെയ്ത്താൻ അഥവാ സാത്താനും. ഈ രണ്ടു ശക്തികൾ ഇടവിട്ട് പ്രപഞ്ചം ഭരിക്കുന്നു. ഇപ്പോൾ സാത്താന്റെ ഭരണകാലമായതുകൊണ്ടാണത്രെ അവർ സാത്താനെ ആരാധിക്കുന്നത്.



ഇനിയും ആറായിരത്തോളം വർഷം കൂടി സാത്താന്റെ ഭരണകാലമാണ്. അതുകഴിഞ്ഞാൽ ദൈവം അവതരിക്കും. അപ്പോൾ വീണ്ടുമവർ ദൈവത്തെ ആരാധിക്കാൻ തുടങ്ങും!

## സർവ്വമത ക്ഷേത്രം



അമ്പലത്തിന്റേയും പള്ളിയുടേയും മതങ്ങളുടെയും പേരിൽ കലഹിക്കുന്നവർക്കായി ഒരു ക്ഷേത്രം. റഷ്യയിലെ സ്റ്റരോയെ അരാക്കിനോയിലെ ഈ സർവ്വമതക്ഷേത്രത്തിൽ ഏതു മതത്തിൽപ്പെട്ടയാൾക്കും പോകാം! ലോകത്തെ പ്രധാനപ്പെട്ട 16 മതങ്ങളുടെ ആരാധനാലയങ്ങളേയും ഓർമപ്പെടുത്തുന്ന തരത്തിലാണ് ഇതിന്റെ കെട്ടിടം പണിതിരിക്കുന്നത്. ഇൽദാർ കനോവ് എന്ന ശില്പിയുടെ ഭാവനയിൽ നിന്നുണ്ടായതാണ് മതമൈത്രിയുടെ ഈ ആശയം.

## അതിരില്ലാത്ത സ്വർഗ്ഗം

ഭൂമി, സൗരയൂഥം, ക്ഷീരപഥം, ആകാശഗംഗ, ഇനി നമുക്ക് ഒരു വിലാസം കൂടി അവകാശപ്പെടാം... അതിരില്ലാത്ത സ്വർഗം.



അനേകം ക്ഷീരപഥങ്ങൾ ചേർന്നുള്ള അതിരില്ലാത്ത സ്വർഗം എന്ന സങ്കൽപം തയാറാക്കിയത് വിവിധ രാജ്യങ്ങളിലെ ഗവേഷകർ അടങ്ങിയ സംഘമാണ്.

10 വർഷം നീണ്ട ഗവേഷണത്തിനൊടുവിൽ ക്ഷീരപഥം പോലുള്ള ഒരു ലക്ഷം ഗാലക്സികൾ ചേർത്താണ് ഇവർ അതിരില്ലാത്ത സ്വർഗം എന്ന പുതിയ തലത്തിനു രൂപം നൽകിയത്. ഹവാൾ സർവകലാശാലയിലെ ഡോ.ബ്രന്റ് ടുളിയാണു അതിരില്ലാത്ത സ്വർഗവും അതിലെ നക്ഷത്രങ്ങളെയും വേർതിരിക്കുന്നതിനു ദൃശ്യരൂപം നൽകിയത്.

അതിരില്ലാത്ത സ്വർഗത്തിനു മധ്യേ വൻ ആകർഷണ ശക്തിയുള്ള കേന്ദ്രമുണ്ടെന്നു ഗവേഷകർ പറയുന്നു. ഗവേഷണ ഫലങ്ങൾ നേച്ചർ ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 100 ക്വാഡ്രില്യൺ (ഒരു ക്വാഡ്രില്യൺ=$10^{15}$ കോടി) സൂര്യന്മാരുടെ ഭാരമാണു അതിരില്ലാത്ത സ്വർഗത്തിനു പ്രതീക്ഷിക്കുന്നത്.

എല്ലാം അറിയാമെന്ന് അഭിമാനിച്ചു പ്രകൃതിയെ കീഴ്പ്പെടുത്താൻ ഇറങ്ങുന്ന മനുഷ്യന് പ്രപഞ്ചത്തിൽ അവന്റെ യഥാർഥ വലുപ്പം മനസിലാക്കാൻ ഇത്തരം കണക്കുകൾ സഹായിക്കും.

## സ്മാർട്ട് ഫോൺ കുട



സ്മാർട്ട് ഫോണുമായി ബ്ലൂടൂത്ത് വഴി കണക്ട് ചെയ്യാവുന്ന ഒരു കുടയാണിത്. ഈ കുട എവിടെയെങ്കിലും വച്ച് മറന്നുപോകുമെന്ന പേടി വേണ്ട! ഇടയ്ക്കിടയ്ക്ക് നമ്മുടെ ഫോണിലേക്ക് ഇതിൽ നിന്നുള്ള സന്ദേശങ്ങൾ വന്നുകൊണ്ടിരിക്കും. സന്ദേശങ്ങൾ എന്തിനെക്കുറിച്ചാണെന്നോ? കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളെപ്പറ്റിത്തന്നെ! വരാൻ പോകുന്ന മണിക്കൂറുകളിൽ മഴയ്ക്ക് സാധ്യതയുണ്ടോ? അതോ കടുത്ത ചൂടായിരിക്കുമോ? തുടങ്ങിയ കാര്യങ്ങൾ ഫോണിന്റെ സ്ക്രീനിൽ തെളിയും. അതനുസരിച്ച് നമുക്ക് യാത്രകൾ പ്ലാൻ ചെയ്യാം. പ്രത്യേക ആപ്പുകൾ ഉപയോഗിച്ചാണ് ഈ ഹൈ-ടെക് കുട കാലാവസ്ഥ പ്രവചിക്കുന്നത്.

## ഇങ്ങനെയും ചില എഴുത്തുകാർ

നിയമാനുസൃതവും (selection of news under PRB Act) പ്രസിദ്ധീകരിക്കാൻ സ്വാതന്ത്ര്യമുള്ളതും, ഞങ്ങൾക്ക് അവകാശപ്പെട്ടതുമായ വാർത്തകളും ലേഖനങ്ങളുമാണ് വേദാഭിമാനിയിൽ പ്രസിദ്ധീകരിക്കുന്നത്. ഇത്തരത്തിൽ പ്രസിദ്ധീകരിക്കുന്ന - വിശേഷാൽ ടൈറ്റസ് കാർത്തികപ്പള്ളിയുടെ പഠന ലേഖനങ്ങൾ, ചോദ്യങ്ങൾക്കുള്ള മറുപടി എന്നിവ ചിലർ സ്വന്തം പേരിൽ ആക്കി പ്രസിദ്ധീകരിക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിയമവിരുദ്ധമായ, തെറ്റായ ഈ നടപടി ഇനി ആരും ആവർത്തിക്കരുത്. പരസ്യമായി വിമർശിക്കാനുള്ള സാഹചര്യം ദയവായി സൃഷ്ടിക്കരുത്.


**വേദാഭിമാനി**

**വായിക്കുക–പ്രതികരിക്കുക**

**ടൈറ്റസ് കാർത്തികപ്പള്ളി**

കേരള–690516

✆ 9847232598

✆ 9847990939



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.150 \| മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |

# ഊട്ടുമേശയിലെ വിശുദ്ധി

യഹൂദഗ്രന്ഥമായ മിഷ്‌നാ ഇസ്രായേലിനെ ചിത്രീകരിക്കുന്നത് ഏക കേന്ദ്രമായ പത്തു വലയങ്ങളായിട്ടാണ്. ഏറ്റവും പുറത്തെ വലയം ഇസ്രായേലിനെ പ്രതിനിധാനം ചെയ്യുന്നു. അതിനകത്തുള്ള വലയം വിവിധ നഗരങ്ങളെ പ്രതിനിധീകരിക്കുന്നു. അതിനുമകത്തുള്ള വലയം ജറുസലെം നഗരമാണ്. പിന്നെ ജറുസലെം ദേവാലായം സ്ഥിതിചെയ്യുന്ന കുന്ന്. ദേവാലയത്തിന്റെ ചുറ്റുമതിൽ, ദേവാലയത്തിലെ വിവിധ ഇടങ്ങൾ... ഈ ക്രമത്തിൽ ഒടുക്കം ഒത്ത മധ്യത്തിൽ വാഗ്ദാനപേടകം സൂക്ഷിച്ചിരിക്കുന്ന പരമപവിത്രമായ അൾത്താര. യഹൂദർക്ക് മുഴുവൻ നാടും പരിശുദ്ധമാണ്. അവിടെ ജീവിക്കാനുള്ള യോഗ്യത പരിശുദ്ധി കാത്തുസൂക്ഷിക്കുക എന്നതാണ്. അവർക്കു നല്കപ്പെട്ട പ്രധാന കല്പനകളിൽ ഒന്ന് വിശുദ്ധിയുമായി ബന്ധപ്പെട്ട ഒന്നായിരുന്നല്ലോ: "നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്. ആകയാൽ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" (ലേവ്യർ 19:2). "അപ്പനെ പോലെതന്നെ മകനും" എന്ന ചൊല്ലുകണക്കെ ദൈവം പരിശുദ്ധനായതുകൊണ്ട് ദൈവജനവും പരിശുദ്ധരായിരിക്കണം. ദൈവത്തെ അടയാളപ്പെടുത്താൻ യഹൂദർ ഏറ്റവും കൂടുതൽ ഉപയോഗിച്ച സംവർഗം 'പരിശുദ്ധി'യാണ്. അതുകൊണ്ടുതന്നെ വൈയക്തികവും സംഘാതവുമായ അവരുടെ ജീവിതത്തെ വിലയിരുത്താൻ അതേ സംവർഗം ഉപയോഗിക്കപ്പെട്ടു.



ബാബിലോൺ നാട്ടിൽ അടിമത്തം അനുഭവിക്കേണ്ടിവന്നത് പരിശുദ്ധരായിരിക്കുന്നതിൽ സംഭവിച്ച തങ്ങളുടെ വീഴ്ചകൾക്കുള്ള യഹോവയുടെ ശിക്ഷയായിട്ടാണു പൊതുവേ വ്യാഖ്യാനിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ ബാബിലോണിലെ അടിമത്തത്തിനുശേഷം മടങ്ങിയെത്തിയ ഇസ്രായേൽ ജനം കുറെ ദശകങ്ങൾ നിയമഗ്രന്ഥത്തോടുള്ള വിശ്വസ്തതയിലും ദേവാലയനുഷ്ഠാനങ്ങളിലും ബദ്ധശ്രദ്ധരായിരുന്നു. കാലം കുറെക്കഴിഞ്ഞപ്പോൾ കാര്യങ്ങളൊക്കെ വീണ്ടും അയഞ്ഞുതുടങ്ങി. ജറുസലേം നഗരം ബി.സി.63-ൽ പോംപെയുടെ നേതൃത്വത്തിൽ വന്ന റോമാ സൈന്യത്തിന്റെ കാൽക്കീഴിൽ അമർന്നു. ഇസ്രായേൽ ജനം തങ്ങളുടെ മണ്ണിൽനിന്ന് പിഴുതെറിയപ്പെട്ടില്ല എന്നതു ശരിതന്നെ. എന്നിരുന്നാലും ആ മണ്ണു തങ്ങളുടേതല്ലെന്ന നിരന്തരമായ ഓർമ്മപ്പെടുത്തലുകൾ അവർക്കു ലഭിച്ചുകൊണ്ടേയിരുന്നു. ജറുസലെം ദേവാലയത്തിൽ കലിഗുളയെന്ന റോമാ ചക്രവർത്തി സ്വന്തം പ്രതിമ സ്ഥാപിക്കാൻ എ.ഡി.40-ൽ ശ്രമിച്ചിരുന്നു. ദേവാലയത്തിന്റെ പ്രധാന കവാടത്തിൽ പരുന്തിന്റെ ഒരു വലിയ പ്രതിമ സ്ഥാപിക്കപ്പെട്ടിരുന്നു. റോമാ സാമ്രാജ്യത്തിന്റെ ഭീഷണമായ സാന്നിധ്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലായിരുന്നു അത്.യഹൂദർ എന്നും വിനിമയം ചെയ്തിരുന്ന നാണയങ്ങളിലുമുണ്ടായിരുന്നു സീസറിന്റെ മുദ്ര.

തങ്ങളുടെ ദേവാലയവും മണ്ണും സംസ്കാരവുമെല്ലാം തിരികെ പിടിക്കാൻ പല തരത്തിലുള്ള ശ്രമങ്ങളാണ് ഇസ്രായേല്യരുടെ ഭാഗത്തുനിന്നുണ്ടായത്. ചിലർ സായുധസമരങ്ങളിലേർപ്പെട്ടു. എസീൻസ് എന്ന വിഭാഗം ചാവുകടലിനപ്പുറത്തുള്ള മലമടക്കുകളിലേക്കു പിൻവാങ്ങി, കർക്കശമായ നിയമാനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ ശ്രമിച്ചു. തങ്ങളുടെ വിശുദ്ധ ജീവിതത്തിനു പ്രതിഫലമായി റോമാക്കാരുടെ കൈയിൽനിന്നും തങ്ങളുടെ നാടിനെ യഹോവ എന്നെങ്കിലും വിമോചിപ്പിക്കുമെന്ന് അവർ പ്രത്യാശിച്ചു. എന്നാൽ ഏറ്റവും കൂടുതൽ പ്രചാരം നേടിയത് 'ഫരിസേയർ' അഥവാ പരീശന്മാർ എന്ന വിഭാഗമായിരുന്നു. 'പാരഷ്' എന്ന ഹീബ്രു പദത്തിൽനിന്നാണ് ഈ വാക്കിന്റെ വ്യുൽപത്തിയെന്നാണു പൊതുവേ പണ്ഡിതമതം. 'പാരഷ്' എന്നാൽ വിഭജിക്കുക വേർതിരിക്കുക എന്നൊക്കെയാണർത്ഥം. പരീശന്മാർ ജനസാമാന്യത്തിനു മധ്യത്തിൽ ജീവിച്ചവരും അതേസമയം അവരിൽനിന്നു വേർതിരിക്കപ്പെട്ടവരുമായിരുന്നു. ഏതു മതത്തിലും കാണുന്നതുപോലെ കർക്കശമായ ഭക്ഷണക്രമവും ശരീരശുദ്ധിയും പ്രർത്ഥനകളും അനുഷ്ഠിച്ച് വിശുദ്ധമായ ജീവിതം നയിക്കാനാണ് അവർ ശ്രമിച്ചത്. അങ്ങനെ പൊതുസമൂഹത്തിൽ വേർതിരിക്കപ്പെട്ട വിഭാഗമായി അവർ മാറി. തങ്ങളെപ്പോലെ ഇസ്രായേൽ മുഴുവൻ മാറുന്നതോടെ തങ്ങളുടെ നാടു സ്വതന്ത്രമാകുമെന്ന് പരീശന്മാർ പ്രത്യാശിച്ചു.

ഒരു പരീശനാവുകയെന്നത് നന്നേ വിഷമം പിടിച്ച പണിയായിരുന്നു. ഫ്ളാവിയൂസ് ജൊസേഫുസ് എന്ന അക്കാലത്തെ ചരിത്രകാരൻ പറയുന്നത് 6 ലക്ഷം യഹൂദരുണ്ടായിരുന്ന അക്കാലത്ത് വെറും ആറായിരം പേരേ പരിശരായി ഉണ്ടായിരുന്നുള്ളുവെന്നാണ്. 'റബ്ബി' (ഗുരു) എന്നാണ് അവരിൽ ചിലർ വിളിക്കപ്പെട്ടത്. പരീശന്മാർ ഒരുമിച്ചിരുന്നുള്ള ഭക്ഷണം വെറുമൊരു ഭോജന പ്രക്രിയയായിരുന്നില്ല. അവർ കഴിച്ചിരുന്നത് ദേവാലയത്തിലേക്ക് ദശാംശം കൊടുക്കപ്പെട്ട ഉൽപന്നങ്ങൾ മാത്രമാണ്. കൃത്യമായ ക്ഷാളനങ്ങളും പ്രാർത്ഥനകളും ഭക്ഷണക്രമത്തിന്റെ ഭാഗമായിരുന്നു. ചുരുക്കത്തിൽ അവരുടെ ഊട്ടുമേശ വിശുദ്ധരായവരുടെ മാത്രം ഒരു കൂട്ടായ്മയായിരുന്നു. ഇസ്രായേൽ എന്തായിത്തീരണം എന്നതിന്റെ കൃത്യവും മൂർത്തവുമായ ഒരു മാതൃകയായിരുന്നു പരീശരുടെ ഊട്ടുമേശ.

ഈയൊരു പശ്ചാത്തലത്തിൽ വേണം ക്രിസ്തുവിന്റെ ഊട്ടുമേശയെ വിലയിരുത്തുവാൻ. ഊട്ടുമേശയ്ക്കു ചുറ്റും യേശുവും കൂട്ടരുമിരുന്നു ഭക്ഷണം കഴിച്ചതിനെക്കുറിച്ചും അതിനിടയിൽ പഠിപ്പിച്ചതിനെക്കുറിച്ചും ദൈവരാജ്യത്തെ ഊട്ടുമേശയോട് ഉപമിച്ചതിനെക്കുറിച്ചുമൊക്കെയുള്ള പരാമർശങ്ങൾ സുവിശേഷങ്ങളിൽ എത്ര വേണമെങ്കിലുമുണ്ടല്ലോ. "ചുങ്കക്കാരോടും പാപികളോടും ഒപ്പമിരുന്ന് ഭക്ഷണം കഴിച്ചവൻ" എന്നതാണ് യേശുവിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട പ്രധാന ആരോപണങ്ങളിൽ ഒന്ന്. ഊട്ടുമേശയിൽ വിരുന്നൊരുക്കുകയെന്നത് യേശുവിന്റെ ജീവിതത്തിലെ പ്രധാന കൃത്യങ്ങളിലൊന്നായി നോർമൻ പെറിൻ എന്ന ഗ്രന്ഥകാരൻ വിലയിരുത്തുന്നുണ്ട്. യഹൂദ പണ്ഡിതനായ ഗേസഹെർമസ് പറയുന്നത് യേശുവിനെ സമകാലീനരിൽനിന്നും ഇസ്രായേലിലെ പ്രവാചകരിൽനിന്നും വ്യതിരിക്തനാക്കുന്നത് വിശുദ്ധ സങ്കല്പങ്ങളെ അവഗണിച്ച് അവൻ കൊണ്ടാടിയ ഈ ഊട്ടുമേശ പ്രസ്ഥാനമാണ് എന്നാണ്. തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മാതൃകയായി പരീശന്മാർ അവതരിപ്പിച്ച അതേ ഊട്ടുമേശയുപയോഗിച്ച് യേശു വിശുദ്ധിയെക്കുറിച്ചുള്ള സങ്കല്പം അട്ടിമറിക്കുകയാണ്. ലൂക്കോ. 18:10–14-ൽ ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോയ പരീശനെക്കുറിച്ചും ചുങ്കക്കാരനെക്കുറിച്ചുമുള്ള ഉപമയുണ്ടല്ലോ. ആഴ്ചയിൽ രണ്ടു നേരം ഉപവസിക്കുന്ന, ദശാംശം കൊടുക്കുന്ന പരീശനെയാണ് യേശു തള്ളിപ്പറയുന്നത്. അതുവഴി യേശു വിമർശിക്കുന്നത് വിശുദ്ധിയുടെ മാനദണ്ഡവും ദൈവജനം ആരെന്നുള്ള പരികല്പനകളുമാണ്.

സുവിശേഷങ്ങൾ മുഴുവൻ നോക്കിയാൽ കർതൃപ്രാർത്ഥനയിലാണ് 'വിശുദ്ധം' എന്നപദം കാണുന്നത്. ലേവ്യർ 19:2-ലെ വാക്യത്തിന്റെ അതേ മാതൃകയിൽ യേശു പറയുന്നത്: "നിങ്ങളുടെ ദൈവമായ കർത്താവു കാരുണ്യമുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കാരുണ്യം കാണിക്കുക" (ലൂക്കോ.6:36) എന്നാണ്. 'വിശുദ്ധി'യും 'കാരുണ്യ'വും കൊണ്ടാണ് യേശു ദൈവത്തെ അടയാളപ്പെടുത്തുന്നത്. അത്തരമൊരു ദൈവത്തിനേ വിജാതീയരുടെ ഇടയിൽ വസിച്ച, അവരോടൊപ്പം കിടക്ക പങ്കിട്ട, പന്നിക്കൂട്ടിൽ കഴിഞ്ഞ, യഹൂദരെ സംബന്ധിച്ചിടത്തോളം 'മരിച്ചവനായ' (ലൂക്കോ.15:32) ഇളയപുത്രനെ ഓടിച്ചെന്ന്, മനസ്സലിഞ്ഞ്, കെട്ടിപ്പിടിച്ച് ചുംബിക്കാനാകൂ.

'വിശുദ്ധർ' എന്നു വിളിക്കപ്പെടുന്നവർ ഏറെ ആഘോഷിക്കപ്പെടുന്നുണ്ടല്ലോ എല്ലായിടത്തും. 'വിശുദ്ധി' എന്നതിന് കൃത്യമായ പരികല്പനകൾ നല്കപ്പെടുന്നുമുണ്ട്. എന്നാൽ യേശുവിന്റെ നിലപാടുകളും കാഴ്ചപ്പാടുകളും ചില പൊളിച്ചെഴുത്തുകൾ നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. അകമെയുള്ള വിശുദ്ധിയുടെ ചില പ്രകടനങ്ങൾ പുറമേ വെളിപ്പെടേണ്ടതുണ്ട്. സ്നേഹവും കാരുണ്യവും വിശുദ്ധിയുടെ അടയാളങ്ങളായി മാറണം. ലോകത്തിനു മുമ്പിൽ വിശുദ്ധൻ വെളിപ്പെടുത്തുന്ന ദൈവസ്നേഹത്തിലൂടെയാണ് ലോകം ദൈവത്തെ കാണേണ്ടത്. വിശുദ്ധിയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങളെ ക്രിസ്തുവിന്റെ കാരുണ്യംകൊണ്ട് നമുക്ക് യാഥാർത്ഥ്യമാക്കി തീർക്കാം.



# ബാലവേദി

## ജീവിതമെന്ന സൂപ്പർമാർക്കറ്റ്



വിനോദും ഹരിയും സ്കൂളിൽ ഒരുമിച്ചു പഠിച്ചവരാണ്. വിനോദ് പഠിക്കാൻ മിടുക്കനായിരുന്നെങ്കിലും ജോലിയൊന്നും കിട്ടിയില്ല. ഹരിയാകട്ടെ അത്ര മിടുക്കനല്ലാതിരുന്നിട്ടും നല്ലൊരു ജോലി സമ്പാദിച്ചു. വിദേശത്ത് നല്ല ശമ്പളമുള്ള ജോലി.

ഒരിക്കൽ ലീവിന് നാട്ടിൽ വന്ന ഹരി, വിനോദിനെ കണ്ടു.

കുശലങ്ങളൊക്കെക്കഴിഞ്ഞ് ഹരി, തന്റെ ചങ്ങാതിയോട് പറഞ്ഞു: “വിനോദ് നമുക്ക് പട്ടണത്തിലൊന്ന് പോയാലോ? എനിക്ക് കുറച്ച് സാധനങ്ങൾ വാങ്ങിക്കണം!”

“ശരി, ഞാനും വരാം. എനിക്കും ചില സാധനങ്ങൾ വാങ്ങണം!”

പട്ടണത്തിലെ ഒരു വലിയ സൂപ്പർ മാർക്കറ്റിലാണ് ഹരി, വിനോദുമായി എത്തിയത്. സൂപ്പർ മാർക്കറ്റിലൊന്നും പോയി പരിചയമില്ലാതിരുന്ന വിനോദ് കടയിൽ ഒരിടത്ത് മാറി നിന്നു. എന്നാൽ അല്പം കഴിഞ്ഞപ്പോൾ ഹരി ഒരു ബാസ്കറ്റ് നിറയെ സാധനങ്ങളുമായി മടങ്ങിയെത്തി. “ങേ, നീ സാധനങ്ങളൊന്നും വാങ്ങിയില്ലേ?”

“ഇല്ല. സാധനങ്ങൾ എടുത്തുകൊടുക്കുന്ന ആളെ കണ്ടില്ല!”

ഇതുകേട്ട് ചിരിച്ചുകൊണ്ട് ഹരി പറഞ്ഞു: “എടോ, ഇത് സൂപ്പർ മാർക്കറ്റാ. ഇവിടെ നമുക്ക് വേണ്ടതും വേണ്ടാത്തതുമായ ധാരാളം സാധനങ്ങളുണ്ട്. അതിൽ നിന്നും നമുക്ക് വേണ്ടവ നമ്മൾ തന്നെ തിരഞ്ഞെടുത്ത് കാശുകൊടുത്ത് വാങ്ങണം!” ഒന്നു നിർത്തി എന്തോ ആലോചിച്ചിട്ട് ഹരി തുടർന്നു: “ഈ സൂപ്പർ മാർക്കറ്റുപോലെയാണ് നമ്മുടെ ജീവിതവും. കഴിവും സമ്പത്തും ഉണ്ടായിട്ട് കാര്യമില്ല. ജീവിതമാകുന്ന സൂപ്പർമാർക്കറ്റിൽ നിന്ന് നമുക്ക് വേണ്ടത് നമ്മൾതന്നെ കണ്ടെത്തണം: അല്ലാതെ ആരും നമുക്ക് കൊണ്ടുതരുമെന്ന് പ്രതീക്ഷിച്ച് ജീവിതം നഷ്ടമാക്കരുത്. അതായത് ജീവിതത്തിൽ പരിശ്രമമില്ലാതെ വിജയമില്ല എന്നർത്ഥം!”

ഹരി പറഞ്ഞതുകേട്ടപ്പോഴാണ് ഇത്രയും കാലമായിട്ടും തനിക്ക് എന്തുകൊണ്ട് ഒരു ജോലി കിട്ടിയില്ല എന്ന കാര്യം വിനോദിന് മനസ്സിലായത്.




## ആരോറൂട്ട്!

കൂവയ്ക്ക് ഇംഗ്ലീഷിൽ ആരോറൂട്ട് എന്നു പറയും,അല്ലേ? ഈ പേര് എങ്ങനെ വന്നതാണെന്നറിയാമോ? പണ്ടുകാലങ്ങളിൽ അമ്പ് (Arrow) തട്ടി ഉണ്ടാകുന്ന വിഷത്തിന് മരുന്നായി ഉപയോഗിച്ചിരുന്നത് കൂവയുടെ കിഴങ്ങ് (Root) ആയിരുന്നു. അങ്ങനെയാണിതിന് ആരോറൂട്ട് എന്ന പേര് കിട്ടിയത്. തേൾ, പഴുതാര, ചിലന്തി എന്നിവയുടെ വിഷത്തിനും കൂവ മരുന്നാണ്. നല്ല പോഷകമുള്ള ഭക്ഷണപദാർത്ഥവുമാണ് കൂവ.

## ദേ, പോയി!

ഗൂഗിളിൽ zerg rush എന്ന് ടൈപ്പ് ചെയ്തു നോക്കൂ. നമ്മൾ സെർച്ച് ചെയ്ത കാര്യങ്ങളെല്ലാം ഇറേസറുകൾ വന്ന് മായ്ച്ചു കളയുന്നത് കാണാം!






## അബദ്ധത്തിൽ സംഭവിച്ചത്

‘ആയിരം തവണ പരാജയപ്പെട്ടാലും നിരാശരാകേണ്ട കാര്യമില്ല. കാരണം ആയിരം തെറ്റായ മാർഗങ്ങൾ നമ്മൾ പഠിച്ചു കഴിഞ്ഞു’, എന്നു പറഞ്ഞ മഹാൻ ആരാണെന്നറിയുമോ, സാക്ഷാൽ തോമസ് ആൽവാ എഡിസൺ. മനസ്സിൽ വരുന്ന ഒരു ആശയം പോലും നഷ്ടമാകരുത് എന്ന നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനദ്ദേഹം തന്റെ നോട്ടുപുസ്തകത്തിൽ അവ കുറിച്ചുവയ്ക്കുമായിരുന്നു. ഇത്തരത്തിലുള്ള 2500-ഓളം നോട്ടുപുസ്തകങ്ങൾ എഡിസന്റെ സ്മാരകത്തിൽ ഇപ്പോഴും സൂക്ഷിക്കുന്നുണ്ട്!

ശാസ്ത്രജ്ഞരുടെ ജീവിതം പലപ്പോഴും പൊതുജനങ്ങൾക്ക് അത്ഭുതമുണ്ടാക്കുന്ന തരത്തിലാണ്. തന്റെ വീട്ടിലെ പട്ടിക്കൂട്ടിൽ വലിയ നായയ്ക്കും ചെറിയ നായയ്ക്കും പുറത്തിറങ്ങാൻ രണ്ട് വലുപ്പത്തിലുള്ള വാതിലുകൾ നിർമിച്ച ആൽബർട്ട് ഐൻസ്റ്റീൻ ലോകശാസ്ത്ര ചരിത്രത്തിലെ ഏറ്റവും ബുദ്ധിമാനായ മനുഷ്യനായി കണക്കാക്കപ്പെടുന്നു.

വൈദ്യശാസ്ത്രരംഗത്ത് വളരെയധികം ചലനം സൃഷ്ടിച്ച പെൻസിലിന്റെ കണ്ടുപിടിത്തവും ഒരു അബദ്ധത്തിൽ നിന്നായിരുന്നു. അലക്സാണ്ടർ ഫ്ളെമിങ്, പരീക്ഷണശേഷം വൃത്തിയാക്കാൻ മറന്നുപോയ പെട്രിഡിഷിന്റെ ചുറ്റുമായിരുന്നു പെൻസിലിൻ എന്ന ആന്റിബയോട്ടിക്കിനെ ആദ്യമായി കണ്ടെത്തുന്നത്.

പരീക്ഷണശാലയിൽ നിന്നും കൈ കഴുകാതെ തീൻമേശയിലേക്കുപോയ കോൺസ്റ്റന്റെൻ ഫാൽബർഗ് തന്റെ ബിസ്കറ്റ് വല്ലാതെ മധുരിക്കുന്നതായി മനസ്സിലാക്കി. ‘സാക്കറിൻ’ എന്ന അത്ഭുത രുചിയുടെ കണ്ടെത്തൽ അങ്ങനെയായിരുന്നു. ബിസ്കറ്റിലല്ല തന്റെ കൈയിലാണ് മധുരത്തിന്റെ ഉറവിടം എന്ന് മനസ്സിലാക്കിയ ഫാൽബർഗ് താൻ കൈകാര്യം ചെയ്തിരുന്ന രാസവസ്തുക്കളിലേക്ക് ഗവേഷണം തിരിച്ചുവിട്ടു. 1879-ൽ ആണ് ഈ ‘മധുരിക്കുന്ന അബദ്ധം’ നടന്നത്. കോൺഫ്ളെയ്ക്കും പൊട്ടറ്റോ ചിപ്സുമടക്കം അനവധി കണ്ടുപിടിത്തങ്ങൾ അബദ്ധത്തിൽ സംഭവിച്ചിട്ടുള്ളതാണ്.


## മടുക്കാതെ മുന്നേറുക

വലിയ സംഭവം എന്ന മട്ടിൽ ചില കാര്യങ്ങൾ ചെയ്യുമ്പോഴാവും ഒരബദ്ധം പറ്റുന്നത്. ഇതു കണ്ടാൽപ്പിന്നെ കളിയാക്കുന്ന കാര്യം കൂട്ടുകാരേറ്റു! നമ്മളോ, പിന്നെയീ ജന്മം പുതിയതായി ഒന്നും കാണിക്കില്ല!

ഇനി അതുവേണ്ട. അബദ്ധം പറ്റിയതിന് ആരെങ്കിലും കളിയാക്കിയാൽ അവർക്ക് ചില വീഡിയോകൾ കാണിച്ചുകൊടുത്താൽ മതി. ലോകപ്രശസ്തരായ പലർക്കും പറ്റിയിട്ടുള്ള വമ്പൻ അമളികൾ! അവരെ കളിയാക്കാനല്ല നാം ഇത് കാണുന്നത്. പിന്നെയോ, ആർക്കും അബദ്ധം പറ്റുമെന്നും മടുക്കാതെ മുന്നേറുമ്പോഴാണ് വിജയത്തിലെത്തുന്നതെന്നും മനസ്സിലാക്കാനാണ്.

ഇത്തരം വീഡിയോകൾക്കായി യൂട്യൂബിൽ ഇതെല്ലാം സേർച്ച് ചെയ്തോളൂ.

steve jobs bloopers
apple keynote bloopers
harry potter bloopers
microsoft demo fail



# ഉള്ളവന് ലഭിക്കും; ഇല്ലാത്തവന്റേത് എടുത്തുകളയും

**ഉപമ ഒരു പഠനം**

**മത്താ.25:15 – 30**

*പുരാതന ലോകത്ത് ചില ദാസന്മാരെ വലിയ ഉത്തരവാദിത്തങ്ങൾ ഏൽപിക്കുക പതിവായിരുന്നു* (മത്തായി 18:23–27; 21:34; 24:45–47).

മത്തായി 25:15. തന്റെ പണം വീട്ടുടയവൻ ദാസന്മാരായ ഓരോരുത്തർക്കും അവനവന്റെ പ്രാപ്തിപോലെ വീതിച്ചു കൊടുക്കുകയായിരുന്നു. "ഒരാൾക്ക് അഞ്ച്, ഒരാൾക്ക് രണ്ട്, ഒരാൾക്ക് ഒന്ന്." തൂക്കത്തിൽ വലിപ്പമുള്ള ഒന്നായിരുന്നു "താലന്ത്", ഏകദേശം എഴുപത്തിയഞ്ചു പൗണ്ട് തൂക്കം വരും. വ്യത്യസ്തമായ വിലയുള്ള പൊന്ന്, വെള്ളി, ചെമ്പ് എന്നിവ തൂക്കുവാൻ അത് ഉപയോഗിച്ചിരുന്നു. ഈ സംഭവത്തിൽ ഉപയോഗിച്ചിരിക്കുന്നത് വെള്ളിയായിരിക്കും. അതിന്റെ ഗ്രീക്ക് വാക്ക് (ആർഗൂരിയോൻ), എന്നത് "വെള്ളി" "പണം" എന്നിങ്ങനെയും തർജിമ ചെയ്യാം.

താലന്തിന് 6,000 ദിനാർ മൂല്യമുണ്ടായിരുന്നു. ഒരു ദിനാർ എന്നത് ഒരാളുടെ ഒരു ദിവസത്തെ വേതനമായിരുന്നു (20:2). "അതുകൊണ്ട്, ഒരു താലന്ത് എന്നു പറയുന്നത് ഒരാളുടെ ഏകദേശം ഇരുപത്തിയഞ്ചു വർഷത്തെ വരുമാനവും, രണ്ട് താലന്ത് നാൽപതു വർഷത്തെ വരുമാനവുമാണ് ഉദ്ദേശ മൂല്യം. അഞ്ചു താലന്ത് എന്നു പറയുന്നത് ഒരാളുടെ നൂറുവർഷത്തെ വരുമാനമാണ്" (ജെ.എൻ.ടി). "താലന്ത്" ആധുനിക രീതിയിൽ തർജിമ ചെയ്യുക പ്രയാസമാണ്, എങ്കിലും, ആ വീട്ടുടയവൻ നിക്ഷേപിക്കത്തക്ക ധനമുള്ള മനുഷ്യൻ തന്നെയായിരുന്നു എന്നു പറയാം. ഓരോ ദാസനും കാര്യമായ രീതിയിൽ തന്നെ ലഭിച്ചു; ആർക്കും ലഭിച്ചതു നിസാരമായിരുന്നില്ല. ഡഗ്ലസ് ആർ.എ.ഹെയർ പറഞ്ഞു, "നമ്മുടെ കരുതലിന് നമ്മിൽ ദൈവം ഏൽപിക്കുന്ന വരങ്ങളുടെ വിലയുടെ പ്രാധാന്യത്തെയാണ് ആ ഓരോ സംഖ്യയും വെളിപ്പെടുത്തുന്നത്."

യജമാനൻ യാത്ര പുറപ്പെടുമ്പോൾ ദാസന്മാർക്ക് കൊടുത്ത നിർദ്ദേശങ്ങളെക്കുറിച്ച് വിവരിക്കുന്നില്ലെങ്കിലും, തീർച്ചയായും പോകുന്നതിനു മുമ്പ് അത് കൊടുത്തിരിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. പത്തു വെള്ളിയുടെ ഉപമയിൽ യജമാനൻ ദാസന്മാരോട് പറഞ്ഞു, "ഞാൻ വരുന്നതുവരെ ഇതുകൊണ്ട് വ്യാപാരം ചെയ്തുകൊൾവിൻ" (ലൂക്കോ.19:13).

വാക്യം 16. അഞ്ചു താലന്തു ലഭിച്ച മനുഷ്യൻ സ്വയ-നിർണ്ണയമുള്ള നേട്ടക്കാരനായിരുന്നു എന്നു നമുക്ക് മനസിലാക്കാം. വ്യാപാരം എന്ന വാക്ക് (എർഗസോമായി) ദീർഘകാലത്തേക്കുള്ള വ്യാപാരത്തെയാണ് പറയുന്നത്. ആ ദാസൻ ആ തുക ലഭിച്ച ശേഷം വെറുതെ ഇരിക്കുകയായിരുന്നില്ല; തന്റെ യജമാനൻ മടങ്ങിവരുന്നതുവരെ അത് വർദ്ധിക്കുവാനായി വേണ്ടതെല്ലാം ചെയ്തു. യജമാനനു തന്നിലുള്ള വിശ്വാസം അവൻ നഷ്ടപ്പെടുത്തിയില്ല.

വാക്യം 17. അതുപോലെ എന്നതു സൂചിപ്പിക്കുന്നത്, രണ്ടു താലന്തു ലഭിച്ച ദാസനും "ഉടനെ" തന്റെ രണ്ട് താലന്ത് എടുത്ത് വ്യാപാരം ചെയ്തു എന്നാണ്. അതിന്റെ ഫലമായി, അവന്നു രണ്ട് കൂടെ ലഭിച്ചു. ആദ്യ രണ്ട് ദാസന്മാർക്കും, വ്യത്യസ്തമായ സംഖ്യയാണ് ലഭിച്ചതെങ്കിലും അവർ ആദ്യം ഉണ്ടായിരുന്നത് ഇരട്ടിയാക്കി.

വാക്യം 18. ഒരു താലന്ത് ലഭിച്ചവൻ, അത് വ്യാപാരം ചെയ്യുന്നതിനുപകരം, മണ്ണിൽ ഒരു കുഴി കുഴിച്ച് അതിലിട്ടുവെച്ചു. മറ്റു രണ്ട് ദാസന്മാർക്ക് ലഭിച്ച തുക ഇരട്ടിയാക്കുവാനുള്ള അവസരം ഈ ദാസനും ലഭിച്ചിരുന്നു. ഈ ദാസൻ അതു വെച്ചു ചീട്ടുകളിച്ചില്ല, അശ്രദ്ധയോടെ യജമാനന്റെ പണം അവൻ നഷ്ടപ്പെടുത്തി കളഞ്ഞില്ല; അവൻ അതുകൊണ്ട് ക്രിയാത്മകമായി ഒന്നും ചെയ്തില്ല.

പണം കുഴിച്ചിട്ട ദാസൻ അത് സംരക്ഷിക്കുകയായിരുന്നു. താൽമൂദ് പറയുന്നു, "മണ്ണിൽ മറെച്ചിട്ടാൽ മാത്രമെ പണം സൂക്ഷിക്കുവാൻ കഴിയൂ." നമുക്ക് ഇന്നുള്ളതുപോലെ ലോക്കറും മറ്റും പുരാതന കാലത്തെ ആളുകൾക്കുണ്ടായിരുന്നില്ല. അതുകൊണ്ട്, തങ്ങളുടെ പണവും മറ്റു സമ്പാദ്യങ്ങളും പലപ്പോഴും മണ്ണിൽ കുഴിച്ചിട്ടാണ് കള്ളന്മാരിൽനിന്നും സൂക്ഷിച്ചിരുന്നത് (6:20; 13:44; 24:43ന്റെ പരാമർശം നോക്കുക).

വാക്യം 19. ഈ ഉപമയോടുകൂടി തന്റെ വരവ് ഉടനെയായിരിക്കുകയില്ല, പിന്നെയോ ദീർഘകാലം കഴിഞ്ഞശേഷം ആയിരിക്കുമെന്നാണ് യേശു പറഞ്ഞത് (25:5 നോക്കുക). ആ ദാസന്മാരുടെ യജമാനൻ മടങ്ങി വന്നപ്പോൾ, അവൻ അവരുമായി കണക്ക് തീർത്തു (18:23).

വാക്യങ്ങൾ 20, 21. ആദ്യത്തെ ദാസൻ യജമാനൻ പ്രതീക്ഷിച്ചതുപോലെ തന്നെ ചെയ്തു. അവൻ തന്റെ അഞ്ചു താലന്ത് പ്രാവർത്തികമാക്കിയതുകൊണ്ട്, അത് വളരുവാൻ തുടങ്ങി, യജമാനൻ മടങ്ങിവന്നപ്പോൾ അഞ്ചിനു പകരം പത്ത് തിരിച്ചു നൽകുവാൻ കഴിഞ്ഞു. നോക്കുക, ആ ദാസന്റെ പ്രവൃത്തിയിൽ യജമാനൻ പ്രസാദിക്കുകയും അവനെ അഭിനന്ദിക്കുകയും ചെയ്തു.

"നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ." നേട്ടത്തേക്കാൾ അവന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നതായിരുന്നു "നന്ന്" "വിശ്വസ്തൻ" എന്നത്. തന്നിൽ ഭരമേൽപിച്ച ജോലി ആ ദാസൻ നന്നായിട്ടും വിശ്വസ്തതയോടും കൂടെ ചെയ്തു.

ആ ദാസന്റെ വിശ്വസ്തസേവനം അവന്നു കൂടുതൽ ഉത്തരവാദിത്വം പ്രതിഫലമായി ലഭിക്കുമാറാക്കി (24:45–47; ലൂക്കോ.16:10 നോക്കുക). യജമാനൻ പറഞ്ഞു, "നീ അൽപത്തിൽ വിശ്വസ്തനായിരുന്നു; നിന്നെ ഞാൻ അധികത്തിനു വിചാരകനാക്കും; യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക." യജമാനൻ വലിയ ധനവാനായിരുന്നതുകൊണ്ട്, അഞ്ചു താലന്ത് അവന് "അൽപമായിരുന്നു". യേശുവും ശിഷ്യന്മാരുമായുള്ള കൂട്ടായ്മയിലേക്ക് വിശ്വസ്ത ശിഷ്യന്മാർ ചേരുന്നതിനെയാണ് യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് (റോമ.8:17; 2 തിമൊ.2:11–13).

വാക്യങ്ങൾ 22, 23. യജമാനന്റെ അടുക്കൽ വരുവാനായി അടുത്തതായി ലൈനിൽ നിൽക്കുന്നത് രണ്ട് താലന്ത് ലഭിച്ച ദാസനായിരുന്നു. താൻ രണ്ട് താലന്തുകൂടെ നേടി ഇപ്പോൾ നാല് താലന്തായിരിക്കുന്നു എന്നാണ് അവൻ പറഞ്ഞത്. അഞ്ചു താലന്തു ലഭിച്ചവനെ പുകഴ്ത്തിയതുപോലെ തന്നെയാണ് ഈ ദാസനേയും യജമാനൻ പുകഴ്ത്തിയത്. അതേ അഭിനന്ദനവും പ്രതിഫലവുമാണ് ഈ ദാസനും ലഭിച്ചത്. അവന് കൊടുത്തതുപോലെ ഇവനും വലിയ ഉത്തരവാദിത്തം നൽകി.

വാക്യങ്ങൾ 24, 25. ഒടുവിൽ, ഒരു താലന്തു ലഭിച്ച മനുഷ്യൻ യജമാനന്റെ അടുക്കൽ എത്തി. തന്റെ യജമാനൻ കഠിനമനുഷ്യൻ എന്നറിഞ്ഞതുകൊണ്ട്, അവൻ തന്റെ താലന്ത് നിലത്ത് കുഴിച്ചിട്ടു എന്നാണ് അവൻ പറഞ്ഞത് (ലൂക്കോ.19:20,21). യജമാനന് ആ മനുഷ്യനിൽ ഉത്തരവാദിത്തം ഏൽപിച്ചുകൊടുപ്പാനുള്ള വിശ്വാസം ഉണ്ടായിരുന്നുവെങ്കിലും, ദാസന് യജമാനന്റെ പ്രവൃത്തിയിലും നന്മയിലും അത്ര വിശ്വാസമില്ലായിരുന്നു. സമാന്തര പര്യായങ്ങൾ ഉപയോഗിച്ച് യജമാനന്റെ സ്വഭാവം കാഠിന്യമുള്ളതാണെന്ന് ആ ദാസൻ വിലയിരുത്തി.

വിതയ്ക്കാത്തേടത്തുനിന്നു കൊയ്യുന്നവനും
വിതറാത്തേടത്തുനിന്നു ചേർക്കുന്നവനും

ഉഴുതു മറിച്ചു വിതക്കുന്ന കഠിന ജോലി ചെയ്യാതെ തന്നെ ലാഭം കരസ്ഥമാക്കുന്നവനാണ് യജമാനൻ എന്നായിരുന്നു ആ ദാസൻ പറഞ്ഞത്. ചുരുക്കത്തിൽ, ദാസൻ യജമാനനെ ക്രൂരസ്വഭാവമുള്ളവൻ എന്നു കുറ്റപ്പെടുത്തുകയായിരുന്നു.

താൻ ഭയപ്പെട്ടു എന്ന് ദാസൻ ഏറ്റുപറഞ്ഞു. നരകത്തിലേക്ക് തള്ളിക്കളയുന്ന നികൃഷ്ടരായവരുടെ പട്ടികയിൽ ഏറ്റവും മുകളിൽ പറഞ്ഞിരിക്കുന്നവരാണ് "ഭീരുക്കൾ" (വെളി.21:8). തെറ്റു ചെയ്യുമോ എന്നു ഭയപ്പെടുന്ന ആളുകൾ ഒരിക്കലും ശരിയായതു ചെയ്യുകയില്ല. ക്രിയാത്മകമായി പ്രവർത്തിക്കുവാൻ കഴിയാത്ത പലരും നഷ്ടപ്പെട്ടു പോകും (25:45,46).

ആ ദാസൻ കുഴിച്ചിട്ടിരുന്ന താലന്തു പോയി മാന്തി എടുത്തുകൊണ്ടുവന്നു എന്ന് ഉപമയിൽ പറയുന്നില്ലെങ്കിലും, അവൻ ആ താലന്ത് കൊണ്ടുവന്നു പറഞ്ഞു, "നിന്റേത് ഇതാ, എടുത്തുകൊൾക." ഇനി യാതൊരു കടപ്പാടുമില്ല, നഷ്ടപരിഹാരം തീർത്തിരിക്കുന്നു എന്നു പറയുന്ന വ്യാവസായിക ഭാഷയാണ് അത്.

വാക്യം 26. തനിക്ക് തന്ന താലന്ത് ഒരു കുഴപ്പവും കൂടാതെ തിരികെ ഏൽപിച്ചതിന് ഒരുപക്ഷെ ആ ദാസൻ പ്രതിഫലം പ്രതീക്ഷിച്ചുകാണും. എങ്ങനെയായാലും, അവനെ അഭിനന്ദിക്കുന്നതിനു പകരം, കുറ്റപ്പെടുത്തുകയായിരുന്നു. യജമാനൻ, ദുഷ്ടനും മടിയനുമായ ദാസനേ എന്നു വിളിച്ചാണ് ആ ദാസനോട് പ്രതികരിച്ചത്. മറ്റുള്ളവരേക്കാൾ കഴിവ് കുറഞ്ഞതിനായിരുന്നില്ല യജമാനൻ അവനെ കുറ്റപ്പെടുത്തിയത്; അവനുണ്ടായിരുന്ന കഴിവ് ഒട്ടും ഉപയോഗിക്കാതിരുന്നതിനാണ് യജമാനൻ അവനെ വിമർശിച്ചത്. "മടിയൻ" (ഓക്നേറോസ്) എന്ന വാക്ക് ഭയം നിമിത്തമുള്ള അലസതയാണ് സൂചിപ്പിക്കുന്നത്.

വാക്യം 27. യജമാനൻ വരുമ്പോൾ ചോദിക്കുമെന്ന തിരിച്ചറിവ് ദാസനുണ്ടായിരുന്നതുകൊണ്ട്, അവന് ആ തുക പൊൻവാണിഭക്കാരെ ഏൽപിച്ചിരുന്നുവെങ്കിൽ ചുരുങ്ങിയത് പലിശ എങ്കിലും കിട്ടുമായിരുന്നു. അത് സാഹസമില്ലാത്ത ഒരു ചുരുങ്ങിയ പ്രവൃത്തിയാണ്.

"ബാങ്കിൽ" എന്നത് അക്ഷരികമായി "പൊൻവാണിഭക്കാർ" എന്നാണ്. "മേശ" (ട്രാപെസ) എന്ന വാക്കുമായി ബന്ധപ്പെട്ടതാണ് "ബാങ്കർ" എന്നതിന്റെ ഗ്രീക്ക് വാക്ക് (ട്രാപെസിറ്റെസ്), കാരണം പൊൻവാണിഭക്കാരും പണം കൈമാറ്റം ചെയ്യുന്നവരും ചെറിയ മേശമേലായിരുന്നു ഇരുന്നിരുന്നത്. യെഹൂദന്മാർ പണം കൈമാറുമ്പോൾ പലിശ വാങ്ങിയിരുന്നില്ല, പക്ഷെ ജാതികളിൽനിന്നും അവർ പലിശ വാങ്ങിയിരുന്നു (പുറ.22:25; ലേവ്യ.25:36,37; ആവ.23:19,20; സങ്കീ.15:5).

വാക്യം 28. വിശ്വാസം നഷ്ടപ്പെടുത്തിയ ദാസന് ലഭിച്ചിരുന്ന ഒരു താലന്ത് അവനിൽനിന്നും എടുത്ത് പത്തു താലന്തുണ്ടായിരുന്നവന് കൊടുത്തു. അവന് ഇപ്പോൾ, ഒന്നുമില്ലാതായി എന്ന്, നിങ്ങൾ പറഞ്ഞേക്കാം.

വാക്യം 29. എൻഎഎസ്ബിയിൽ, വാക്യം 28-ന്റെ അവസാനം ഒരു ഉദ്ധരണി ചിഹ്നത്തോടുകൂടിയാണ് യജമാനന്റെ പ്രതികരണം കൊടുത്തിരിക്കുന്നത്. തന്മൂലം വാക്യം 29ഉം 30ഉം യേശുവിന്റെ വ്യാഖ്യാനമായിട്ടാണ് കൊടുത്തിരിക്കുന്നത്. എങ്ങനെയായാലും, മിക്ക തർജിമകളിലും യജമാനന്റെ വാക്കുകൾ വാക്യം 30 വരെ കാണാവുന്നതാണ്.

"അങ്ങനെ ഉള്ളവന്ന് ഏവന്നും ലഭിക്കും; അവന്നു സമൃദ്ധിയും ഉണ്ടാകും; ഇല്ലാത്തവനോടോ, ഉള്ളതും കൂടെ എടുത്തുകളയും." ദൃഷ്ടാന്തപരമായ ഈ വാക്കുകൾ യേശു പല പ്രാവശ്യം പറഞ്ഞിരിക്കുന്നു (13:12; മർ.4:25; ലൂക്കോ.8:18; 19:26). വിശ്വസ്തത കൂടുതൽ അനുഗ്രഹങ്ങൾക്കിടയാക്കും, "അവിശ്വസ്തത, ആരംഭത്തിൽ ലഭിച്ച അനുഗ്രഹങ്ങളും നഷ്ടപ്പെടുവാനിടയാകും" എന്നാണ് കർത്താവ് ഇവിടെ ഊന്നി പറയുന്നത്. "ലഭിക്കും" "എടുത്തുകളയും" എന്നീ ക്രിയകൾ ദൈവത്തിന്റെ പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്.

വാക്യം 30. "എന്നാൽ കൊള്ളരുതാത്ത ദാസനെ, ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും." സ്പഷ്ടമായും, ഇവിടെ ഉപമയിൽനിന്ന് ആത്മീയ യാഥാർത്ഥ്യത്തിലേക്കുള്ള ഒരു മാറ്റമാണ് നടക്കുന്നത്. "കൊള്ളരുതാത്ത ദാസൻ" പിന്നെ യജമാനന്റെ താൽപര്യത്തിൽ വരുന്നില്ല; അവനെ കഠിനമായി ശിക്ഷിക്കുകയാണ്. അതുപോലെ വിശ്വസ്തതയും സമർപ്പണവും ഇല്ലാത്ത, ക്രിസ്തുവിനേയും അവന്റെ രാജ്യത്തേയും പ്രസംഗിക്കാത്ത, അതിനുവേണ്ടി പ്രവർത്തിക്കാത്ത, ശിഷ്യന്മാർ നിത്യ ദണ്ഡനം എന്ന ശിക്ഷാവിധി അനുഭവിക്കും. "പുറത്തുള്ള ഇരുട്ടും" "കരച്ചിലും പല്ലുകടിയും" എന്നീ പ്രയോഗങ്ങൾ നരകത്തെ ഉദ്ദേശിച്ച് മത്തായിയുടെ പുസ്തകത്തിൽ ഉടനീളം കാണാം (8:12; 13:42,40; 22:13; 24:51). ഹീനമായ എന്തെങ്കിലും കുറ്റം ചെയ്തതിനായിരുന്നില്ല ഒരു താലന്ത് ലഭിച്ച മനുഷ്യനെ കുറ്റപ്പെടുത്തിയത് എന്ന് ഓർക്കുക. മറിച്ച്, അവൻ തന്നെയും തന്നിൽ ഭരമേൽപിച്ച വരവും ഉപയോഗിക്കാതിരുന്നതിനാണ് അവനെ ന്യായം വിധിച്ചത്.

യേശുവിന്റെ അനുയായികൾ ഉത്തരവാദിത്തമുള്ള കാര്യവിചാരകന്മാരാണെന്നാണ് താലന്തുകളുടെ ഉപമ ഊന്നി പറയുന്നത്. യജമാനന്റെ രാജ്യ വ്യാപ്തിക്കാണ് ദൈവം ഓരോരുത്തർക്കും വരം അല്ലെങ്കിൽ താലന്ത് നൽകിയിരിക്കുന്നത്. അത്തരം വിഭവങ്ങൾ എങ്ങനെ ഉപയോഗിച്ചു എന്ന് ഓരോരുത്തരും ക്രിസ്തു മടങ്ങി വരുമ്പോൾ കണക്ക് കൊടുക്കണം. ലഭിച്ച താലന്തു തനിക്കു പ്രയോജനപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തവനെ വിശ്വസ്തൻ എന്നു വിധിക്കും. അതിനു വിരുദ്ധമായി, താലന്തുകൾ കുഴിച്ചിടുന്നവരെ കുറ്റം വിധിക്കുകയും ചെയ്യും.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598






ടി.എം.വർഗ്ഗീസ് ഓതറ

വിശുദ്ധ പൗലോസ് തന്റെ എല്ലാ ലേഖനങ്ങളിലും പ്രബോധനങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് കാണാവുന്നതാണ്. പ്രബോധനം കൃപാവരങ്ങളിൽ പെട്ടതാണെന്ന് തിരുവചനം പറയുന്നു (റോമർ.12:8). വിശുദ്ധ പൗലോസ് പ്രബോധനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ചില വേദവാക്യങ്ങൾ ശ്രദ്ധിക്കുക:

...ശിഷ്യന്മാരെ കൂട്ടിവരുത്തി പ്രബോധിപ്പിച്ചിട്ട് യാത്ര പറഞ്ഞു (അ.പ്ര.20:1). ഞങ്ങളുടെ പ്രബോധനം അബദ്ധത്തിൽ നിന്നോ അശുദ്ധിയിൽനിന്നോ വ്യാജത്തോടെയോ വന്നതല്ല (1 തെസ്സ.2:3).

ദൈവപ്രസാദം ലഭിപ്പാന്തക്കവണ്ണം... യേശുവിന്റെ നാമത്തിൽ നിങ്ങളോടു പ്രബോധിപ്പിക്കുന്നു (1 തെസ്സ.4:1).

സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത്... (1 തെസ്സ.5:14).

രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി... എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു (1 തിമൊ. 2:1-2).

ഞാൻ വരുവോളം വായന, പ്രബോധനം ഉപദേശം എന്നിവയിൽ ശ്രദ്ധിക്ക (1 തിമോ. 4:13).

സകല ദീർഘക്ഷമയോടും... പ്രബോധിപ്പിക്ക (2 തിമൊ. 4:2).

പത്ഥ്യോപദേശത്താൽ പ്രബോധിപ്പാനും... (തീത്തോ.1:9).

അവ്വണ്ണം യൗവ്വനക്കാരെയും സുബോധമുള്ളവരായിരിപ്പാൻ പ്രബോധിപ്പിക്ക (തീത്തോ. 2:6).

ഇതു പൂർണ്ണഗൗരവത്തോടെ പ്രസംഗിക്കയും പ്രബോധിപ്പിക്കയും ശാസിക്കയും ചെയ്ക (തീത്തോ.2:15).

നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ (എബ്രാ.3:13).

തിരുവചനം പറയുന്നു: എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു (2 തിമൊ.3:16-17).

വേദപുസ്തകം ദൈവനിശ്വാസീയമായ വചനമാണ്. നമ്മുടെ സ്വാഭാവിക ബുദ്ധിയുടെ പ്രവർത്തികൊണ്ടു മാത്രം അത് മനസിലാക്കാൻ സാദ്ധ്യമല്ല. എന്നാൽ ദാവീദിനെപ്പോലെ തിരുവചനത്തിലെ അത്ഭുതങ്ങൾ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ എന്നുള്ള പ്രാർത്ഥനയോടെ വേദപുസ്തകം വായിച്ച് ധ്യാനിക്കുന്നവർക്ക് അതിലെ സത്യങ്ങൾ വെളിപ്പെട്ടുവരും. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത് (1 കൊരി.12:12).

**7 കഴിഞ്ഞലക്കം തുടർച്ച**

പരിശുദ്ധാത്മാവിനായി തുറക്കപ്പെട്ട ഹൃദയത്തോടും, അധരങ്ങളിൽ പ്രാർത്ഥനയോടും കൂടെ ദൈവവചനം നിരന്തരം വായിക്കുക. എല്ലായ്പ്പോഴും നിങ്ങളുടെ കൈവശം ഒരു പുതിയ നിയമം എങ്കിലും സൂക്ഷിക്കുവാൻ ഓർമ്മിക്കുക. പാഴായിപ്പോകുന്ന, മറ്റുള്ളവർക്കുവേണ്ടി കാത്തുനില്ക്കുന്ന സമയങ്ങളിലൊക്കെ ചെറിയ ചെറിയ ഭാഗങ്ങൾ വായിക്കുക. യാത്ര ചെയ്യുമ്പോഴും, ജോലിസ്ഥലത്തെ വിശ്രമവേളകളിലും സമയം പാഴാക്കിക്കളയാതെ വേദഭാഗങ്ങൾ വായിക്കുക. ഭക്ഷണം കഴിക്കുന്നത് ശരീരത്തിന് ഊർജ്ജം പകരുന്നതുപോലെ, ആത്മീയ ജീവിതത്തിന് ഉന്മേഷം പകരുവാൻ ഈ വേദഭാഗങ്ങൾ പര്യാപ്തമാകും. ക്രിസ്തുവിൽ ഒരു ശിശു എന്നുള്ള നിലയിൽ നിന്ന് വളർച്ച പ്രാപിക്കുവാൻ പുഷ്ടിയുള്ളവനായിത്തീരുവാൻ അത് സഹായിക്കും.

സങ്കീർത്തനങ്ങൾ 119:11-ൽ ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ എന്റെ ഉള്ളിൽ സംഗ്രഹിക്കുന്നു എന്ന് ദാവീദ് ദീർഘവർഷങ്ങൾക്ക് മുമ്പ് എഴുതി. വേദപുസ്തകഭാഗങ്ങൾ മനഃപാഠമാക്കുന്നതുകൊണ്ട് വലിയ പ്രയോജനമുണ്ട്. ഒന്നാമതായി, ദാവീദ് പറഞ്ഞതുപോലെ അത് നമ്മെ പാപത്തിൽ നിന്നും സൂക്ഷിക്കും. പരീക്ഷാഘട്ടങ്ങളിൽ ഹൃദിസ്ഥമാക്കിയിരിക്കുന്ന ദൈവവചനം പാപം ചെയ്യുന്നതിൽനിന്നും നമ്മെ വിലക്കും. ദൈവവചനം ശക്തിയായ ഒരു ആയുധമാണ്.

മനഃപാഠം ആക്കിയിട്ടുള്ളതായ ദൈവവചനം മറ്റുള്ളവരോട് സുവിശേഷം പറവാൻ നമ്മെ ഒരുക്കമുള്ളവർ ആക്കും. ദൈവം തന്റെ വചനത്തെ മാനിക്കയും ഉപയോഗിക്കുകയും ചെയ്യും. മനുഷ്യന്റെ പ്രോത്സാഹനങ്ങളും ബുദ്ധിയുപദേശവും ഫലശൂന്യമായിപ്പോയാലും ദൈവവചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രായർ 4:12). തിരുവചനം മനഃപാഠമാക്കാത്ത ഒരു വ്യക്തിക്ക് ഫലകരമായി സാക്ഷിക്കുവാനോ ആത്മാക്കളെ നേടുവാനോ കഴിയില്ല. നിങ്ങളുടെ ബുദ്ധിയുപദേശങ്ങൾ നിരർത്ഥകവും ഫലശൂന്യവുമായാലും ദൈവവചനത്തിലെ വാക്യങ്ങൾ പാപബോധം വരുത്തുകയും മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്യും.

നമ്മുടെ ആത്മീയ ആരോഗ്യം, വളർച്ച, ബലം, പാപത്തിന്മേലുള്ള വിജയം, ഉപദേശം, വിശുദ്ധി, ക്രിസ്തുവിലുള്ള സമാധാനവും സന്തോഷവും, പാപത്തിൽനിന്നുള്ള കഴുകൽ, ശുശ്രൂഷയ്ക്കുള്ള യോഗ്യത, ഇവയെല്ലാം വചന പഠനത്തെ ആശ്രയിച്ചിരിക്കുന്നു. വചനം പഠിക്കാത്ത ഒരു വ്യക്തി ക്രിസ്തീയ ജീവിതത്തിൽ പരാജയപ്പെടുവാൻ സാദ്ധ്യത വളരെയാണ്. വചനം നന്നായി പഠിക്കുന്ന ഒരു വ്യക്തി യഥാർത്ഥ ക്രിസ്തീയ ജീവിതത്തിൽ വളർച്ച പ്രാപിക്കുക തന്നെ ചെയ്യും. എഴുതപ്പെട്ട തിരുവചനങ്ങൾ ശ്രദ്ധിച്ചു വായിക്കുമ്പോൾ, പഠിക്കുമ്പോൾ തിരുവചനത്തിലൂടെ നമുക്കു വേണ്ട പ്രബോധനം ലഭിക്കുന്നു. തിരുവചനത്തിലൂടെ ദൈവാത്മാവ് നൽകിത്തരുന്ന പ്രബോധനങ്ങൾ മറക്കരുതെന്നും (എബ്രാ.12:6), ഹൃദയത്തിൽ കരുതിക്കൊള്ളേണമെന്നും (എബ്രാ.13:22) അവയെ മുറുകെ പിടിച്ചുകൊള്ളേണമെന്നും ദൈവം ആഗ്രഹിക്കുന്നു.

**2014 ഒക്ടോബർ ലക്കം വേദാഭിമാനിയിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി 6**

# ദൈവം എന്ന യാഥാർത്ഥ്യവും ചിന്തിക്കേണ്ട ചില വസ്തുതകളും

**പ്രൊഫ.ടി.ജോൺ മാത്യു**

കോട്ടയം ബസേലിയസ് കോളജിലും തൃശൂർ സെന്റ് അലോഷ്യസ് കോളജിലും ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്ന പ്രൊഫ. ടി.ജോൺ മാത്യു ഇപ്പോൾ മണ്ണുത്തി ബൈബിൾ സ്റ്റഡി സെന്ററിന്റെ സജീവ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.



സങ്കല്പങ്ങളുടെ മറ്റൊരു പ്രത്യേകത അവ യാഥാർത്ഥ്യങ്ങളുടെ ലോകത്തിൽ സ്ഥിതി ചെയ്യാതെ നമ്മുടെ ചിന്താമണ്ഡലങ്ങളിൽ മാത്രം സ്ഥിതി ചെയ്യുന്നതിനാൽ അവയെക്കുറിച്ച് സാർവ്വത്രികമായ അറിവ് ഉണ്ടാവുക സാധ്യമല്ല എന്നതാണ്. യഥാർത്ഥത്തിലുള്ള കുതിരയും കഴുകനും യാഥാർത്ഥ്യങ്ങളുടെ ലോകത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ അവയെക്കുറിച്ച് എല്ലാ രാജ്യങ്ങളിലും ദേശങ്ങളിലും ഉള്ളവർ അറിയുന്നു; എന്നാൽ പറക്കുന്ന കുതിര എന്ന സങ്കല്പം നമ്മുടെ ചിന്താമണ്ഡലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതിനാൽ അതിനെക്കുറിച്ച് വിവരിക്കുന്ന ഗ്രീക്ക് പുരാണകഥ വായിക്കുന്നവർ മാത്രമേ അതിനെപ്പറ്റി അറിയുന്നുള്ളു. നരസിംഹം എന്ന സങ്കല്പത്തിന്റെ കാര്യവും മറ്റേതൊരു സങ്കല്പത്തിന്റെ കാര്യവും ഇങ്ങനെ തന്നെയാണ്. ചുരുക്കത്തിൽ ഒരു വസ്തു യഥാർത്ഥമല്ലാത്ത ഒരു സങ്കല്പം ആണെങ്കിൽ അതിന്റെ ഘടകവസ്തുക്കൾ ഇന്നിന്ന യഥാർത്ഥ വസ്തുക്കളാണെന്ന് നമുക്ക് പറയാൻ കഴിയും; മാത്രമല്ല, അതിനെക്കുറിച്ച് സാർവ്വത്രികമായ അറിവ് ഉണ്ടാവുക അസാധ്യമായിരിക്കുകയും ചെയ്യും.

മേല്പറഞ്ഞ തത്ത്വത്തിന്റെ വെളിച്ചത്തിൽ ഈശ്വരനെ (ദൈവത്തെ)പ്പറ്റി ചിന്തിക്കുമ്പോൾ നാം എന്താണ് കണ്ടെത്തുന്നത്? ദൈവം വെറും സങ്കല്പമാണെന്ന് പറയുന്നവർക്ക് ആ സങ്കല്പത്തിന്റെ ഘടകവസ്തുക്കൾ ഇന്നിന്ന യഥാർത്ഥ വസ്തുക്കളാണ് എന്ന് പറയാൻ കഴിയുന്നുണ്ടോ? ഇല്ല; ഇത് തെളിയിക്കുന്നത് എന്താണ്? ദൈവം സങ്കല്പമല്ല, യാഥാർത്ഥ്യമാണ് എന്നുതന്നെ. "ദൈവം" എന്ന പദം ഇല്ലാത്ത യാതൊരു ഭാഷയും ലോകത്തിലില്ല. സകല ഭാഷകളിലും "ദൈവം" എന്ന പദം ഉണ്ടെന്ന വസ്തുത തെളിയിക്കുന്നത് ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് സാർവ്വത്രികമാണെന്നാണ്. യഥാർത്ഥത്തിൽ ഉള്ളവയെക്കുറിച്ചുമാത്രമേ സാർവ്വത്രികമായ അറിവ് ഉണ്ടാകാനൊക്കുകയുള്ളു എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ നാം കണ്ടെത്തുന്നതെന്താണ്? ദൈവത്തെക്കുറിച്ച് മനുഷ്യർക്ക് സാർവ്വത്രികമായ അറിവ് ചരിത്രാതീതകാലം മുതൽ ഉണ്ടായിരുന്നതിനാൽ ദൈവം സങ്കല്പമല്ല, യാഥാർത്ഥ്യമായിരുന്നേ മതിയാകൂ എന്നതുതന്നെ.


മേൽപറഞ്ഞ കാര്യങ്ങളെല്ലാം തെളിയിക്കുന്നത് എന്താണ്? ഈശ്വരൻ ഉണ്ടെന്നതിന് ഇതുവരെയും നമുക്ക് തെളിവുകൾ കിട്ടിയിട്ടില്ല എന്നത് യുക്തിക്കും ബുദ്ധിക്കും ഒട്ടും നിരക്കാത്ത ഒരു അബദ്ധപ്രസ്താവനയാണെന്നും ഈശ്വരൻ ഒരു സങ്കല്പമാണെന്ന് വാദിക്കുന്നവർക്ക് സങ്കൽപ്പം എന്ന് പറഞ്ഞാൽ എന്താണെന്ന് മനസ്സിലായിട്ടില്ല എന്നുമല്ലേ?

(തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ദുഃഖങ്ങൾ ഉണ്ടാകുമ്പോൾ

**മാ**നസികാരോഗ്യരംഗത്തു വലിയ സംഭാവനകൾ നൽകിയ അമേരിക്കക്കാരനാണു ഡോ.കാൾമെനിൻജർ. മാനസികാരോഗ്യരംഗത്തു ദീർഘകാലം പ്രവർത്തിച്ച മെനിൻജർ ദ ഹ്യൂമൻ മൈൻഡ്, ദ ക്രൈം ഓഫ് പണീഷ്മെന്റ് എന്നിങ്ങനെ വിവിധ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശിഷ്ടമായ സേവനങ്ങളെ ആദരിച്ച് 1981-ൽ പ്രസിഡന്റ് ജിമ്മി കാർട്ടർ അദ്ദേഹത്തിനു പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം എന്ന അവാർഡു നൽകുകയുണ്ടായി. 1946-ൽ ആദ്ദേഹം ആരംഭിച്ച മെനിൻജർ സ്കൂൾ ഓഫ് സൈക്യാട്രിയും അതുപോലെ അദ്ദേഹത്തിന്റെ മറ്റു സംരംഭങ്ങളും ഇപ്പോഴും നല്ല നിലയിൽ നടക്കുന്നു.




മാനസികാരോഗ്യരംഗത്തെ പ്രവർത്തനം മൂലം പ്രസിദ്ധനായിത്തീർന്ന മെനിൻജർ ഒരിക്കൽ ആ വിഷയത്തെക്കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിക്കുകയായിരുന്നു. പ്രബന്ധാവതരണത്തിനിടയിൽ ചോദ്യങ്ങൾക്ക് അവസരം ലഭിച്ചപ്പോൾ സദസിലൊരാൾ അദ്ദേഹത്തോടു ചോദിച്ചു, ഒരാൾക്ക് ഏതെങ്കിലും കാരണത്താൽ മനസിനു വിഷമമുണ്ടായി അയാൾ മാനസിക തകർച്ചയെ നേരിടുകയാണെന്നു കരുതുക. അയാൾ അപ്പോഴെന്തു ചെയ്യണം? ഒരുപക്ഷെ അയാൾ എത്രയും വേഗം ഒരു മാനസികാരോഗ്യ വിദഗ്ധനെ സമീപിക്കുന്നതല്ലേ നല്ലത്?

ഉടനെ മെനിൻജർ പറഞ്ഞു: "നിങ്ങളുടെ മനസിനു വിഷമമുണ്ടായാൽ ആദ്യം പോകേണ്ടതു മാനസികാരോഗ്യ വിദഗ്ധന്റെ അടുത്തേക്കല്ല. പകരം നിങ്ങളുടെ സമീപമുള്ള ദരിദ്രരുടെ അടുത്തേക്കു പോകുക. അവരുടെ നീറുന്ന പ്രശ്നങ്ങൾ മനസിലാക്കി സാധിക്കുന്ന രീതിയിൽ അവരെ സഹായിക്കുവാൻ ശ്രമിക്കുക. അപ്പോൾ നിങ്ങളുടെ മാനസികത്തകർച്ചയും മറ്റു പല പ്രശ്നങ്ങളും പമ്പകടക്കും.

ധാരാളം മാനസിക രോഗികളെ പരിശോധിക്കുകയും അവരെ ചികിൽസിക്കുകയും ചെയ്തിട്ടുള്ള ഡോക്ടറായിരുന്നു മെനിൻജർ. അങ്ങനെയുള്ള അനുഭവങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു മാനസിക ദുഃഖം കുറയ്ക്കുവാനുള്ള എളുപ്പ മാർഗമായി മറ്റുള്ളവരുടെ ദുഃഖം കാണുവാനും അതിനു പരിഹാരം കണ്ടെത്തുവാനും അദ്ദേഹം നിർദേശിച്ചത്. നമ്മുടെ എല്ലാവരുടേയും ജീവിതത്തിൽ ധാരാളം ദുഃഖദുരിതങ്ങൾ എപ്പോഴും കടന്നുവരാറുണ്ട്. പലപ്പോഴും ആ ദുഃഖങ്ങൾ നമ്മുടെ മനഃസമാധാനം തകർക്കും എന്നതും ശരിയാണ്. എന്നാൽ മറ്റു പലരുടേയും ജീവിതവുമായി തുലനം ചെയ്യുമ്പോൾ നമ്മുടെ ദുഃഖങ്ങൾ മിക്കപ്പോഴും തന്നെ ചെറുതായിരിക്കാനാണു സാധ്യത. മറ്റുള്ളവരുടെ വലിയ ദുഃഖങ്ങളെക്കുറിച്ചു നമുക്കറിയില്ലാത്തതുകൊണ്ടാണു പലപ്പോഴും നമ്മുടെ ചെറിയ ദുഃഖങ്ങളെ വലിയ ദുഃഖങ്ങളായി നാം കാണുന്നത്.

ചെരിപ്പു വാങ്ങാൻ പണമില്ലാതെ ദുഃഖിച്ചു നടന്ന ഒരാളുടെ കഥ നിങ്ങൾ പണ്ടേ കേട്ടിട്ടുണ്ടാകും. താനാണു ലോകത്തിലെ ഏറ്റവും നിർഭാഗ്യവാൻ എന്നു കരുതി നടക്കുമ്പോഴായിരുന്നു രണ്ടു കാലുകളുമില്ലാതെ നിരത്തിലൂടെ നിരങ്ങി ഒരാൾ നീങ്ങുന്നത് അയാൾ കണ്ടത്. അപ്പോഴാണു ചെരുപ്പില്ലെങ്കിലും കാലുകൾ കൊണ്ടു നടക്കാൻ സാധിക്കുന്ന താൻ എത്രയോ ഭാഗ്യവാനാണെന്ന് അയാൾ മനസിലാക്കിയത്.

ഡോ. മെനിൻജറുടെ അരികിൽ വന്നിരുന്ന രോഗികളുടെ സ്ഥിതിയും ഏതാണ്ട് ഇതുപോലെ തന്നെയായിരുന്നു. ആ രോഗികളിൽ ഭൂരിഭാഗവും പണക്കാരായിരുന്നു. ജീവിതത്തിൽ ഇല്ലായ്മ അറിയാത്തവരായിരുന്ന അവർക്ക് അവരുടെ നിസാര പ്രശ്നങ്ങൾ പോലും വളരെ വലുതായി തോന്നി. തൻമൂലമാണ് ദരിദ്രരുടെ ചെറ്റക്കുടിലുകളിലേക്കു കടന്നുചെന്ന് അവരുടെ ജീവിത ദുഃഖം മനസിലാക്കുവാനും അവരെ സഹായിക്കുവാനും മെനിൻജർ നിർദേശിച്ചത്. മെനിൻജറുടെ ഈ നിർദേശത്തിനു പലപ്പോഴും നല്ല ഫലവും ലഭിച്ചിരുന്നു.

ദരിദ്രരുടെ ചെറ്റക്കുടിലുകളിൽ ചെന്നപ്പോൾ നല്ല വീടുകളും ധാരാളം സമ്പത്തുമുള്ള തങ്ങൾ എത്രയോ ഭാഗ്യശാലികളാണെന്ന് അവർക്കു തോന്നി. അങ്ങനെയൊരു അവബോധമുണ്ടായപ്പോൾ അവരുടെ മാനസികാരോഗ്യം അവർക്കു വീണ്ടു കിട്ടിയെന്നതാണു വാസ്തവം.

നമ്മുടെ ജീവിതത്തെ ദൈവിക പരിപാലനയുടെ പശ്ചാത്തലത്തിൽ നാം വീക്ഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ദുഃഖങ്ങൾക്ക് നമ്മുടെ ജീവിതത്തിലൊരു സ്ഥാനമുണ്ട് എന്നതാണു യാഥാർഥ്യം. എന്നാൽ നമ്മുടെ സാധാരണ ജീവിതത്തിൽ അതൊന്നും മനസിലാക്കുവാൻ നമുക്കു സാധിച്ചെന്നു വരികയില്ല. അതുകൊണ്ട് നമ്മുടെ ദുഃഖങ്ങൾ മാറിക്കിട്ടുവാനെന്ന പോലെ അവ താങ്ങുവാനുള്ള ശക്തിക്കുവേണ്ടി കൂടിയും നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ദുഃഖം ഉടനെ മാറ്റിത്തരുവാൻ ദൈവം തിരുമനസാകുന്നില്ലെങ്കിൽ ആ ദുഃഖം താങ്ങുവാനുള്ള ശക്തിക്കുവേണ്ടിയും പ്രാർത്ഥിക്കണം. അതോടൊപ്പം നാം മൂലം മറ്റാർക്കുമെന്നതുപോലെ നമുക്കുതന്നെയും ദുഃഖമുണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുകയും വേണം. എങ്കിൽ മാത്രമേ ഈ ലോകത്തിൽ മനുഷ്യർ അനുഭവിക്കുന്ന ദുഃഖങ്ങൾക്കു കുറവുണ്ടാകൂ.

നമ്മുടെ ദുഃഖങ്ങൾ പൊലിപ്പിച്ചു കാണാതിരിക്കുവാൻ നമുക്കു ശ്രദ്ധിക്കാം. അതുപോലെ മറ്റുള്ളവരുടെ ദുഃഖങ്ങൾ അകറ്റാനും അവയ്ക്കു സാധിക്കുന്ന പരിഹാരം കണ്ടെത്തത്തുവാനും നമുക്കു പരിശ്രമിക്കാം.

---

# ജീവന്റെ മറുപാതി

**ക**ല്യാണം കഴിഞ്ഞ ചെറുക്കനേയും പെണ്ണിനേയും നോക്കി ചില വല്യപ്പന്മാർ പറയും "ഓ, അതുങ്ങളെ കണ്ടാൽ അടയ്ക്കയും അടയ്ക്കാമരവും പോലുണ്ട്." മറ്റു ചിലരെ കണ്ടാൽ പറയും: 'ആങ്ങളെയേയും പെങ്ങളേയും പോലുണ്ട്.' ചിലർ കുശുമ്പു മൂത്തു പറയും: 'അപ്പനേയും മോളേയും പോലുണ്ട്.'

എല്ലാം പ്രശ്നം തന്നെ. കല്യാണം കഴിഞ്ഞ ദമ്പതികളെ കണ്ടാൽ 'ഭാര്യയും ഭർത്താവും' പോലെ തന്നെയിരിക്കണം. അല്ലാതെ അപ്പനേയും മോളേയും പോലെ തോന്നിയിട്ടു കാര്യമുണ്ടോ? അവർ ജീവനും ജീവന്റെ മറുപാതിയും ആയിരിക്കണം.





കുട്ടിക്കളിമാറാത്ത ഒരുപാടു ദമ്പതിമാരെ കണ്ടിട്ടുണ്ട്. ഒന്നു പറഞ്ഞു രണ്ടാമത്തേതിന് ഒന്നാം ക്ലാസിലെ പിള്ളേരുടെ കളിയായിരിക്കും. നുള്ളും, കുത്തും, അടിക്കും. തുടക്കത്തിൽ തമാശയാണെങ്കിലും ഇതൊക്കെ ചെന്നെത്തുന്നത് വേർപിരിയലിലായിരിക്കും. അതുകൊണ്ട് തുടക്കത്തിലേ ജീവിതത്തിൽ പക്വത നേടണം.

കുടുംബബന്ധത്തെ ബലപ്പെടുത്തുന്ന ഏഴു പക്വതകളെക്കുറിച്ചു മനഃശാസ്ത്രജ്ഞന്മാർ പറയുന്നുണ്ട്. അവ അറിഞ്ഞാൽ വീട്ടിൽ കളിചിരികളും സ്നേഹവും സന്തോഷവും നിറയും.

1. ശാരീരിക പത്വത: പക്വതകളിൽ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതും ശാരീരിക പക്വതയാണ്. ആണിനും പെണ്ണിനും ശാരീരിക പക്വത എത്തുന്ന പ്രായമുണ്ട്. ആ പ്രായത്തിലാണ് നമ്മൾ വിവാഹം ആലോചിച്ചു തുടങ്ങുന്നത്. കല്യാണം കഴിക്കാൻ പ്രായപൂർത്തിയാവണോ എന്നു പല കുട്ടികൾക്കും സംശയമുണ്ട്. അതിന് പ്രധാനപ്പെട്ട ഉത്തരം ഇതാണ്: കുഞ്ഞുങ്ങളെ പ്രസവിക്കാനും വളർത്താനുമുള്ള ആരോഗ്യം പെൺകുട്ടിക്കു വേണം. ദമ്പതികൾ ഒരുമിച്ചു നടക്കുന്നതു കാണുമ്പോഴുള്ള ചേർച്ചയും ശാരീരിക പക്വതയിൽ പെട്ടതാണ്. ആ പക്വതയുണ്ടെങ്കിൽ ആരും നെറ്റി ചുളിച്ച് അപ്പനും മോളും പോലെയാണെന്നു പറയില്ല.

2. വൈകാരിക പക്വത: പിണ്ണാക്ക് കുഴച്ചുവച്ചിട്ടും പച്ചപ്പുല്ല് മുമ്പിലിട്ടു കൊടുത്തിട്ടും ഏരുമയോടും പശുവിനോടും നിരാഹാരമിരിക്കാൻ പറഞ്ഞാൽ നടക്കില്ല. എന്നാൽ, മനുഷ്യന് ആഹാരത്തിന്റെ മുമ്പിൽ നിരാഹാരം ഇരിക്കാൻ പറ്റും. കല്യാണത്തിന്റെ മുമ്പിൽ കന്യാവ്രതം പാലിക്കാനും പറ്റും.

കോപത്തിന്റെ മൂർധന്യാവസ്ഥയിൽ തോന്നുന്ന വാക്കുകൾ പറയാതിരിക്കണം. ഒരു ഭാര്യ, ഭർത്താവിനോടു പിണങ്ങി ഒരു മാസം ചെലവഴിച്ചു. ഭർത്താവ് തിരിഞ്ഞു നോക്കിയില്ല. അവസാനം അവൾ മടുത്തു. ശരിക്കും അണിഞ്ഞൊരുങ്ങി ഭർത്താവിന്റെ മുമ്പിലൂടെ കുറേനേരം നടന്നു. അയാൾ തിരിഞ്ഞുപോലും നോക്കിയില്ല. അവൾ ചോദിച്ചു: "ഞാനിത്ര മാത്രം ഒരുങ്ങി നടന്നിട്ടും നിങ്ങൾക്കെന്നോട് ഒന്നും തോന്നുന്നില്ലേ?" അയാളുടെ മറുപടി: "എടീ... മുരിക്ക് പൂത്തെന്നും പറഞ്ഞ് ആരെങ്കിലും അതിനെ കെട്ടിപ്പിടിക്കുമോ?" ഒറ്റ വാക്കുകൊണ്ട് ഒരു ബന്ധമാണു മുറിയുന്നതെന്ന് ഓർക്കണം.

3. സാമ്പത്തിക പക്വത: സമ്പത്തിന്റെ പേരിൽ ചിലർ കല്യാണം കഴിക്കും. ശാരീരികമായ ഒരു ചേർച്ചയും ഇല്ലാത്തയാളെയാകും വിവാഹം കഴിക്കുക. കുറച്ചുനാൾ കഴിയുമ്പോൾ അപകർഷതാബോധം വരും. ഒരുമിച്ചു പുറത്തിറങ്ങാൻ പോലും കഴിയാത്ത അവസ്ഥയിലെത്തും.

ജന്മം കൊടുക്കുന്ന കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം കൊടുക്കാനുള്ള സമ്പത്ത് കരുതിയിരിക്കണം. നഗ്നത മറയ്ക്കാൻ തുണിയും ആരോഗ്യത്തിനു മരുന്നും അത്യാവശ്യത്തിനു ഭക്ഷണവും കൊടുക്കാൻ ദമ്പതികൾക്കു കഴിയണം. ഇത്രയുമൊക്കെ ചെയ്യാനുള്ള സാമ്പത്തിക പക്വത ആർജിച്ചിരിക്കണം.

*(മറ്റു പക്വതകൾ അടുത്ത ലക്കത്തിൽ)*

### ഒന്നുകേൾക്കൂ.....

മുൻകോപത്തെ നിയന്ത്രിക്കാനുള്ള മാർഗങ്ങൾ പഠിക്കണം.

പ്രതിസന്ധികളിൽ ശാന്തമായി നിലകൊള്ളാൻ ദമ്പതികൾ പരിശ്രമിക്കണം.

പക്വതയുള്ളവരെ എല്ലാവരും ബഹുമാനിക്കും എന്ന കാര്യം ഓർക്കുക.

സാമ്പത്തിക കാര്യങ്ങളിൽ പരസ്പരം കുത്തി നോവിക്കാതിരിക്കുക.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**മത്തായി 19:12-ൽ പറയുന്ന സ്വർഗ്ഗരാജ്യം നിമിത്തം "ഷണ്ഡന്മാർ ആക്കിയ ഷണ്ഡന്മാർ" എന്നതുകൊണ്ട് വാസ്തവത്തിൽ യേശു എന്താണ് ഉദ്ദേശിച്ചത്? വരം ലഭിച്ചവർ ഇത് ഒരു ഉപദേശമായി ഏറ്റെടുക്കാത്തത് എന്തുകൊണ്ട്? ഈ തിരഞ്ഞെടുപ്പിന്റെ ശ്രേഷ്ഠത എന്താണ്? ഇത് സംബന്ധിച്ച് നിലവിലുള്ള ഉപദേശങ്ങളല്ല വാസ്തവത്തിൽ വചനം എന്തു പറയുന്നു എന്നാണ് അറിയേണ്ടത്.**

**പാസ്റ്റർ പി. ജെ. ബാബു, തീക്കോയി, അടുക്കം, കോട്ടയം.**

ആളുകൾ വിവാഹം കഴിക്കാതിരിക്കുവാനുള്ള മൂന്നു കാരണങ്ങളാണ് യേശു പറയുന്നത്. ഒന്നാമത്തേയും രണ്ടാമത്തേയും കാരണങ്ങൾ ശാരീരികമായ അവസ്ഥയുമായി ബന്ധപ്പെട്ടതാണ്. മൂന്നാമത്തെത് ആത്മികമായ തിരഞ്ഞെടുപ്പാണ്.

ഒന്നാമത്, കർത്താവ് പറഞ്ഞു, "അമ്മയുടെ ഗർഭത്തിൽനിന്നു ഷണ്ഡന്മാരായി ജനിക്കുന്ന ഷണ്ഡന്മാരുണ്ട്." ചിലർ ജന്മനാ ഷണ്ഡന്മാരായി തീരുന്നവരുണ്ട്. "പ്രകൃതിദത്തമായി ഷണ്ഡന്മാരായവർ" എന്നാണ് റബ്ബിമാരുടെ സാഹിത്യത്തിൽ അവരെ പറയുന്നത്.

രണ്ടാമത്, "മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുണ്ട്." "മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാർ എന്ന പ്രയോഗം റബ്ബിമാർക്കിടയിൽ പൊതുവിലുണ്ടായിരുന്ന പ്രയോഗമായിരുന്നു. അവരുടെ പുരുഷത്വം ഉടച്ചുകളഞ്ഞതാണ്. അത്തരം പരിശീലനം യെഹൂദന്മാർ ഇഷ്ടപ്പെട്ടിരുന്നില്ല, കാരണം ദൈവത്തിന്റെ സഭായോഗത്തിൽനിന്ന് അവരെ പുറത്താക്കിയിരുന്നു (ആവ.23:1), യാഗപീഠത്തിൽ ശുശ്രൂഷ ചെയ്യുവാനും അവരെ അനുവദിച്ചിരുന്നില്ല (ലേവ്യ 21:20,21). എങ്ങനെയായാലും, പുരുഷത്വം നീക്കം ചെയ്യുന്നത് ജാതികൾക്കിടയിലുണ്ടായിരുന്ന പതിവായിരുന്നു. കുറ്റവാളികളെ ശിക്ഷിക്കുന്നതിനായിരുന്നു പുരാതന പൂർവ്വദേശങ്ങളിൽ അങ്ങനെ ചെയ്തിരുന്നത്. അതിനു പുറമെ, മതപരമായ ഉദ്ദേശങ്ങൾക്കായി അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന പുരോഹിതന്മാരേയും ഷണ്ഡന്മാർ ആക്കിയിരുന്നു. രാജാവിന്റെ അന്തപ്പുരത്തിൽ സേവ ചെയ്തിരുന്നവരുടെ കീഴിലുള്ള സ്ത്രീകളുമായി ബന്ധപ്പെട്ട് കുട്ടികളുണ്ടാകുന്നത് തടയുവാൻ അവരുടെയും പുരുഷത്വം ഉടച്ചുകളഞ്ഞിരുന്നു. ഇങ്ങനെയുള്ളവർ ഇണക്കമുള്ളവരും വിധേയം ഉള്ളവരുമാകയാൽ, അവരെ രാജാവിന്റെ സേവകരായി നിയമിച്ചിരുന്നു.

അത്തരം രാജകീയ ഉദ്യോഗസ്ഥന്മാരെ കുറിച്ച് പഴയനിമയത്തിലും, പുതിയ നിയമത്തിലും പറയുന്നുണ്ട്. പ്രവാസികളായി ബാബിലോന്യയിലേക്ക് നാടുകടത്തി കൊണ്ടുപോയ ദാനിയേലിനേയും അവന്റെ മൂന്നു സ്നേഹിതന്മാരെയും ഷണ്ഡന്മാരാക്കിയിരുന്നു എന്നു പറയപ്പെടുന്നു. രാജകീയ പിൻഗാമികൾ "ബാബിലോൺ രാജാവിന്റെ രാജധാനിയിൽ ഷണ്ഡന്മാരായിരുന്നു" (2 രാജാ. 20:18; യെശ.39:7; കെ.ജെ.വി.) "ആ നാല് പുരുഷന്മാരെ ഷണ്ഡന്മാരുടെ യജമാനന്മാരിൽ പ്രധാനിയായവനെ ഏൽപിച്ചു (ദാനി.1:3. കെ.ജെ.വി.).

മൂന്നാമത്, കർത്താവ് പറഞ്ഞു, "സ്വർഗ രാജ്യം നിമിത്തം ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുണ്ട്." യേശു അവസാനിപ്പിച്ചു, "ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ." വാക്യം 11-ലെ "ഗ്രഹിക്കുക" (കോരെയോ) ആവർത്തിച്ചിരിക്കുകയാണ് ഇവിടെ. വിവാഹത്തെ സംബന്ധിച്ച അവിടുത്തെ ഉപദേശത്തെ ഗ്രഹിക്കുന്നതിനെയാകാം ഉദ്ധേശിച്ചത്. വിവാഹം കഴിക്കാതിരിക്കുന്നതിനെക്കുറിച്ച് ഗ്രഹിക്കുന്നതുമാകാം. തന്റെ അനുയായികളിൽ വളരെ കുറച്ചുപേർക്ക് മാത്രമെ വിവാഹം കൂടാതെ ജീവിക്കുവാൻ കഴിയൂ എന്ന് യേശുവിന് അറിയാമായിരുന്നു. രണ്ടു തിരഞ്ഞെടുപ്പുകളായിരുന്നു അവസാനം യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയത്: ഒന്നുകിൽ വിവാഹം കഴിച്ചിട്ട് ഉപേക്ഷിക്കാതിരിക്കുക, അല്ലെങ്കിൽ വിവാഹം കഴിക്കാതിരിക്കുക. വിവാഹം വേണ്ടെന്നുവച്ച കൂട്ടർ വ്യക്തമായ ചില കാരണങ്ങൾക്കുവേണ്ടി അങ്ങനെ നിൽക്കാൻ സ്വയം നിശ്ചയിച്ചതാണ്. പഴയകാലത്തിലെ വീടുകളിലൊക്കെ അങ്ങനെ ചിലരുണ്ടായിരുന്നു. കുടുംബത്തെ പച്ചപിടിപ്പിക്കാനായി പരിണയം വേണ്ടെന്നു വച്ചവർ. ആദ്യകാല കമ്മ്യൂണിസ്റ്റുകാരിൽ പലരും അവിവാഹിതരായി നിന്നവരാണെന്ന് മലയാളി ഓർക്കുന്നുണ്ടാവും. ക്രിസ്തുവെന്ന കാരണത്തിനുവേണ്ടി അങ്ങനെ നിന്നവർ അതിന്റെ എത്രയോ മടങ്ങ് ഉണ്ടാകും. പഴയനിയമത്തിലെ ഉറിയായെപ്പോലെ അർഹതയുള്ള ചില ആഹ്ലാദങ്ങളെ കുലീനമായി ഒഴിവാക്കുന്നവർ. ചില യാത്രകളുടെ വേഗത്തിന് നല്ലത് ഒറ്റയ്ക്കുള്ള യാത്രകളായിരിക്കാം, കീപ്ലിങ്ങിന്റെ ഒരു വരി കവിതപോലെ.

പല നിന്ദനങ്ങളും യേശു അഭിമുഖീകരിച്ചിട്ടുണ്ട്. ഭോജനപ്രിയൻ, അധർമ്മികളുടെ കൂട്ടുകാരൻ... വളരെ ചെറിയ പ്രായത്തിലേ മനുഷ്യർ വിവാഹിതരാകുന്ന ഒരു സംസ്കാരത്തിൽ മുപ്പത് കഴിഞ്ഞിട്ടും അവിവാഹിതനായ ആ ചെറുപ്പക്കാരനെ അവന്റെ കാലം ഷണ്ഡനെന്ന് വിശേഷിപ്പിച്ചിട്ടുണ്ടാവും. അതിന് ക്രിസ്തു നൽകിയ വിശദീകരണമായിട്ടും ഈ ഭാഗത്തെ ചിലർ കരുതുന്നുണ്ട്. കുഞ്ഞുങ്ങൾ ഉണ്ടാകുന്നതു മാത്രമാണ് പുരുഷത്വം തെളിയിക്കുവാനുള്ള ഏകമാർഗ്ഗമെന്ന് ധരിച്ചുപോയൊരു കാലത്തിന് അതത്ര ബോധ്യപ്പെടണമെന്നില്ല.

"വിവാഹം കഴിക്കാതിരിക്കുന്നത് നല്ലത്" (19:10-12). ഇന്ന് അതേ കാഴ്ചപ്പാടുള്ളവർ ധാരാളമുണ്ട്. വിവാഹം കഴിച്ച് പ്രശ്നങ്ങളിൽ അകപ്പെടുന്നതിനേക്കാൾ, സ്വർഗ്ഗരാജ്യം നിമിത്തം വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലതെന്ന തോന്നലായിരുന്നു ശിഷ്യന്മാർക്കുണ്ടായത്.

തന്റെ നിർദ്ദേശത്തെ അവർ മനസിലാക്കിയതിനോട് യേശു യോജിച്ചു. എല്ലാവർക്കും അതു ഗ്രഹിപ്പാനും അപ്രകാരം ജീവിപ്പാനും കഴിയുകയില്ല എന്നത് യേശു സമ്മതിച്ചു. വിവാഹത്തിന്റെ പരിശുദ്ധി ഒരാൾ നഷ്ടപ്പെടുത്തുന്നതിനേക്കാൾ, അയാൾ സ്വർഗരാജ്യം സംബന്ധിച്ച് "ഷണ്ഡനായി" (അവിവാഹിതനായി) ജീവിക്കുന്നതാണ് നല്ലത് എന്നാണ് യേശു തീർപ്പാക്കിയത്.

**ശാസ്ത്രത്തെ അംഗീകരിച്ചുകൊണ്ടാണോ അതോ, നിഷേധിച്ചുകൊണ്ടാണോ താങ്കൾ ശാസ്ത്ര സംബന്ധമായ വിഷയങ്ങൾക്ക് മറുപടി പറയുന്നത്. ലാമർക്കിന്റെ സിദ്ധാന്തത്തെക്കുറിച്ച് അധികമാരും കേട്ടിട്ടില്ലാത്തതിനാൽ അദ്ദേഹത്തിന്റെ പരിണാമവാദം എന്തായിരുന്നുവെന്നും എന്തുകൊണ്ട് അത് സ്വീകാര്യമല്ലാ എന്നും ദയവായി വ്യക്തമാക്കുക.**

**ബേസിൽ തോമസ്, ഈസ്റ്റ് കല്ലട, ചിറ്റുമല, കൊല്ലം.**

പ്രപഞ്ചത്തിൽനിന്നു മനുഷ്യന്റെ ഇന്ദ്രിയങ്ങൾ മുഖേന ലഭിക്കുന്ന അറിവുകളെ മനുഷ്യന്റെ ബുദ്ധിശക്തികൊണ്ടു വ്യാഖ്യാനിച്ചു ഉളവാകുന്ന ശാസ്ത്രത്തിൽ പോരായ്മകളും പരിമിതികളും അബദ്ധങ്ങളും ഉണ്ട്. അവയെല്ലാം കണ്ണുമടച്ച് വിശ്വസിക്കുന്നതും ബുദ്ധിപൂർവ്വമല്ല. എങ്കിലും വസ്തുവിന്റെ ആസ്തിക്യത്തിന് നിഴൽ മതിയായ തെളിവായിരിക്കുന്നതുപോലെ ദൈവത്തിന്റെ ജ്ഞാനത്തിന് അനിഷേധ്യമായ സാക്ഷ്യമാണ് ശാസ്ത്രം.

ഇതേ ശാസ്ത്രത്തെ കൂട്ടുപിടിച്ച് ചിലർ ദൈവമില്ലായെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നു. അതിന് അവർ പരിണാമവാദം എന്ന പേരിൽ ഒരു സിദ്ധാന്തം തട്ടിക്കൂട്ടി.

ലഘുജീവികൾ രൂപാന്തരപ്പെട്ട് സങ്കീർണ്ണ ജീവികൾ ഉളവായി എന്നാണ് പരിണാമവാദികൾ വിശ്വസിക്കുന്നത്. ബി.സി.അഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന എമ്പിഡോക്കിൾസും ബി.സി.നാലാം ശതകത്തിൽ ജീവിച്ചിരുന്ന അരിസ്റ്റോട്ടിലും, ഏ.ഡി. പതിനേഴാം ശതകത്തിൽ ജീവിച്ചിരുന്ന ബേക്കൺ ടീക്കാട്ടെ, ലിബ്നിസ് മുതലായവരും പതിനെട്ടാം ശതകത്തിലെ ഇമ്മാനുവേൽ കാന്റും ബഫനും, എറാസ്മസ് ഡാർവിനും ഓരോ വിധത്തിലുള്ള പരിണാമവാദങ്ങളിൽ വിശ്വസിച്ചിരുന്നു. എന്നാൽ 1744 മുതൽ 1829 വരെ ജീവിച്ചിരുന്ന ലാമാർക്ക് എന്ന ശാസ്ത്രജ്ഞനാണ് പരിണാമവാദത്തെ ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയ്ക്കു വിധേയമാക്കിയത്.

### ലാമാർക്കിന്റെ പരിണാമവാദം.

പാരീസിലുള്ള മ്യൂസിയം ഓഫ് നേച്ചറൽ ഹിസ്റ്ററി എന്ന സ്ഥാപനത്തിൽ ജന്തുശാസ്ത്രത്തിന്റെ പ്രൊഫസർ ആയിരുന്നു ലാമാർക്ക്. 1809-ൽ ലാമാർക്ക് തന്റെ പരിണാമവാദം പ്രസിദ്ധീകരിച്ചു. ലാമാർക്കിന്റെ വാദം ഇപ്രകാരം സംഗ്രഹിക്കാം.

1. ഒരു ജൈവ വസ്തുവിൽ (ചെടിയോ, ജന്തുവോ) ഒരു പുതിയ ആവശ്യം തുടർച്ചയായി അനുഭവപ്പെടുമ്പോൾ അതിന്റെ നിർവ്വഹണത്തിനായി പുതിയ അവയവങ്ങൾ ഉളവാകുന്നു.

2. ഒരു അവയവം കൂടുതൽ കൂടുതൽ ഉപയോഗിക്കുന്തോറും ശക്തിപ്പെട്ടു വളരുന്നു. ഉപയോഗിക്കാത്ത അവയവങ്ങൾ ഹീനമായിത്തീരുന്നു.

3. ഒരു ജൈവ വസ്തുവിന്റെ ജീവകാലത്തു അതിനു വന്നുചേരുന്ന വ്യതിയാനങ്ങൾ അടുത്ത തലമുറയ്ക്ക് അതു പകർന്നു കൊടുക്കുന്നു.

ലാമാർക്കിന്റെ വാദത്തിന്റെ വെളിച്ചത്തിൽ ജിറാഫിന്റെ കഴുത്തു നീണ്ടതു ഇപ്രകാരം ആകാം. വളരെക്കാലം വരൾച്ചബാധിച്ച പ്രദേശത്തുള്ള ജിറാഫുകൾക്ക് വൃക്ഷങ്ങളിൽ അവശേഷിച്ച ഇലകൾ പറിക്കുവാൻ കഴുത്തു നീട്ടേണ്ടിവന്നു. അവയുടെ ജീവിതകാലത്തു കാലിഞ്ചു കഴുത്തു നീണ്ടു എന്നു സങ്കല്പിക്കുക. അവയിൽ നിന്നു ജനിച്ച ജിറാഫുകൾക്കു പിന്തുടർച്ചാവകാശപ്രകാരം സ്വതവെ കഴുത്തിനു കാലിഞ്ചു നീളം കൂടുതൽ ഉണ്ടായിരുന്നു. ആവശ്യത്തിന്റെ മുഖത്തു അവയും കഴുത്തു നീട്ടുവാൻ നിർബന്ധിതമായി. അങ്ങനെ അവയുടെ കഴുത്തു അരയിഞ്ചു നീണ്ടിരിക്കും. ഇങ്ങനെ അനേകം അനേകം തലമുറകൾ നീണ്ടുനിന്ന വരൾച്ചയുടെ ഫലമായി ജിറാഫുകൾക്ക് ഇന്നത്തെ നിലയിലുള്ള നീണ്ട കഴുത്തുകൾ ലഭിച്ചിരിക്കാം.

### ലാമാർക്കിന്റെ പരിണാമ വാദത്തിനുള്ള മറുപടി.

1. പുതിയ ആവശ്യങ്ങളുടെ മുഖത്തു പുതിയ അവയവങ്ങൾ ഉളവാകുന്നുവെന്നു പരിണാമവാദികൾ പോലും ഇപ്പോൾ വിശ്വസിക്കുന്നില്ല.

2. വളരെ അധികം ഉപയോഗിക്കുന്ന അവയവങ്ങൾ പുഷ്ടിയും ശക്തിയും ഉള്ളവയായിത്തീരുന്നു എന്ന തത്വം ശരിയാണ്. കൈകൊണ്ടദ്ധ്വാനിക്കുന്നവരുടെ കയ്യിലുള്ള മാംസപേശികളും ഓട്ടക്കാരുടെ കാലിലെ മാംസപേശികളും ഇതിനുദാഹരണമാണ്. പക്ഷെ അടുത്ത തലമുറയിലേക്ക് അത് കൈമാറപ്പെടുന്നില്ല.

3. ലാമാർക്കിന്റെ സിദ്ധാന്തത്തിൽ ഏറ്റവും പ്രധാനം മൂന്നാമത്തെ തത്വമാണ്. ഒരു ചെടിയുടെയോ, പ്രാണിയുടെയോ ജീവകാലത്തു അതിന്റെ അവയവങ്ങളിലുണ്ടാകുന്ന വ്യത്യാസങ്ങൾ പാരമ്പര്യമായി അടുത്ത തലമുറയ്ക്ക് ലഭിക്കുമെന്ന വിശ്വാസം എ.ഡി.1900-ൽ തകർന്നുപോയി. മെൻഡൽ ശാസ്ത്രജ്ഞൻ നിരവധി പരീക്ഷണങ്ങളാൽ ഈ തത്വം അബദ്ധമാണെന്നു തെളിയിച്ചു. വൈസ്മാൻ എന്ന ശാസ്ത്രജ്ഞൻ ഒന്നുപോലുള്ള രണ്ടു കൂട്ടം എലികളെ വളർത്തി. ഒരു കൂട്ടത്തിന്റെ വാൽ ജനിച്ച ഉടനെ മുറിച്ചുകളഞ്ഞു. 22 തലമുറ ഇപ്രകാരം വാൽ മുറിച്ചിട്ടും വാലുകളുടെ നീളത്തിനു വ്യത്യാസം ഒന്നും സംഭവിച്ചില്ല. യഹൂദന്മാരുടെ ഇടയിൽ പരിച്ഛേദന ചെയ്യുന്ന പതിവ് അനേകം തലമുറകളായി (അബ്രഹാമിന്റെ കാലം മുതൽ) നിലനിൽക്കുന്നുവെങ്കിലും അവരുടെ അഗ്രചർമ്മത്തിനു മാറ്റമൊട്ടും സംഭവിച്ചിട്ടില്ല. ഒരു പ്രാണിയുടെ ജീവകാലത്തു വന്നുചേരുന്ന വ്യത്യാസങ്ങൾ അടുത്ത തലമുറയ്ക്കു ലഭിക്കുന്നില്ല.

**വേദപുസ്തക വസ്തുതകൾക്ക് ശാസ്ത്ര – ചരിത്ര – മത – തത്ത്വശാസ്ത്ര ചിന്തകളിലൂടെ വിശദീകരണം ആവശ്യമുള്ള യുക്തിവാദികൾ, ഭൗതിക വാദികൾ ബന്ധപ്പെടുക. ടൈറ്റസ് കാർത്തികപ്പള്ളി 9847232598**

This is The Word of God




Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st June 2015
Posted on 15, 16 June 2015
Posted at R.M.S. Kayamkulam




## വേദാഭിമാനിയ്ക്ക് പറയാനുള്ളത്

ഒരു കടലാസ് പൂവ് ദൂരെനിന്നു കാണാൻ ഭംഗിയുള്ളതായിരിക്കും. പക്ഷേ അടുത്തുവരുമ്പോഴാണു സുഗന്ധമില്ലെന്നു മനസിലാകുക. ഇത്തരത്തിൽ വളരെ ഉപരിപ്ലവമായ ഒരാശയമാണു യുക്തിവാദം. യുക്തിവാദത്തിന്റേതായ എഴുത്തും, സാഹിത്യവുമൊന്നും നമുക്കൊരു നവ്യതയോ, ആനന്ദമോ തരുന്നില്ല. വളരെ ബാഹ്യവും യാന്ത്രികവുമായ തലങ്ങളാണ് അതിനുള്ളത്. മനുഷ്യനെ സമഗ്രമായി കാണാനോ, അറിയാനോ കഴിയാത്ത ഒരു മുടന്തുള്ള ചിന്തയാണത് എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

സമൂഹത്തിൽ അസമത്വം നിലനിൽക്കുന്ന ഏതുകാലത്തും കമ്യൂണിസത്തിന് പ്രസക്തിയുണ്ട്. പക്ഷേ, കേവല ഭൗതികവാദം മാത്രമായിരിക്കേ അതു ജീവിതത്തെ കൂടുതൽ യാന്ത്രികമാക്കുന്നു. മനുഷ്യൻ നിർമിക്കുന്ന ലോകത്തിൽനിന്നും ഭിന്നമാണ് പ്രകൃതി അവനുവേണ്ടി ഒരുക്കിവെച്ചിരിക്കുന്നത് എന്ന് മാർക്സിനും കാണാനായില്ല. ഒരാളുടെ അസ്തിത്വത്തിനു രണ്ടു വിതാനങ്ങളുണ്ട്. അവ രണ്ടും പൂരിപ്പിക്കപ്പെടണം. അപ്പം കൊണ്ടു മാത്രം ജീവിക്കാനാവില്ല എന്നതുപോലെ അവബോധം മാത്രമായും ജീവിക്കാനാവില്ല. വിശന്ന വയറുമായി ഒരാൾക്കെങ്ങനെ ധ്യാനിക്കാനാകും? പക്ഷേ, മനുഷ്യൻ കേവലം പദാർഥമാണെന്ന ചിന്ത മാറേണ്ടതുണ്ട്. ആത്മീയതയുടെ സുഗന്ധം അവൻ അറിയണം. വേദപുസ്തക വായനയിലൂടെ അത് സാധ്യമാണ്. മനസിലെ ചോദ്യങ്ങൾക്കുള്ള ഉത്തരവും അതിലുണ്ട്. പുതിയ കാലത്തിന്റെയും എല്ലാ കാലത്തിന്റെയും മനുഷ്യർക്കുള്ള ഉത്തരങ്ങൾ.

ആധുനിക കാലത്തെ മനുഷ്യർ തീരെ ആഴം കുറഞ്ഞ മനസുള്ളവരാണ്. വളരെ ഉപരിതലത്തിൽ മാത്രം കാര്യങ്ങളെ കാണുന്നവരാണവർ. ജീവിതത്തിന്റെ ആഴത്തിലുള്ള പ്രശ്നങ്ങളെ മനസിലാക്കാത്ത ഒരാൾക്കും ജീവിത പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്താനാകില്ല. അതിന്റെ ഭാഗമായി അവർ ഇന്ദ്രിയപരമായ നൈമിഷിക ആസക്തികളിൽ സുഖം കണ്ടെത്തി മുന്നോട്ടു പോകാൻ ശ്രമിക്കുന്നു. ആഴത്തിലേക്ക് പോകാൻ കഴിയണമെങ്കിൽ മനുഷ്യൻ നിശബ്ദനാകണം. അവനവന്റെ ഉള്ളിലേക്ക് നോക്കാൻ കഴിയണം. ധ്യാനത്തിലേക്കെത്തുമ്പോൾ മനുഷ്യന്റെ ശരീരവും മനസും ഇന്നർസെൽഫുമെല്ലാം ശാന്തമാകുന്നു. അതോടെ അയാൾ പുതിയൊരു വ്യക്തിയായി പരിണമിക്കുന്നു.

അപ്പോൾ മാത്രമേ ഒരുവന് പരമമായ സത്യം കണ്ടെത്താനാകൂ. വിശുദ്ധമായ സത്യത്തിലേക്ക് വിശുദ്ധീകരണത്തിലൂടെയും സമർപ്പണത്തിലൂടെയും മാത്രമേ മുന്നേറാനാകൂ. യാഗവും മരണവും ഉയിർപ്പുമില്ലാത്ത ആരാധനാലയങ്ങളെല്ലാം വെറുതെയാണ്.

പുതിയ കാലത്ത് ആത്മീയത ഇല്ലെന്നുതന്നെ പറയാം. വെറും ചടങ്ങുകൾ, ആരാധനകൾ, പ്രാർത്ഥനകൾ എന്നിവയെ ഉള്ളൂ. അതെല്ലാം കേവലമായിരിക്കുന്ന ചില ഇച്ഛകളേയും ആഗ്രഹങ്ങളേയും പൂരിപ്പിക്കുന്നതിനു വേണ്ടി ഏതെങ്കിലും അതീന്ദ്രിയ ശക്തികളോടുള്ള നിവേദനങ്ങൾ മാത്രമാണ്. തരംതാണ ഒരു ബോധാവസ്ഥയിൽ നിന്നുവരുന്ന ഒന്നാണ് ഇക്കാലത്തെ മനുഷ്യന്റെ ആത്മീയത. അതു മതങ്ങളുമായി ബന്ധപ്പെട്ട ക്ഷുദ്രവും ബാഹ്യവുമായ സമ്പ്രദായങ്ങൾ മാത്രമാണ്. അത്തരം ശീലങ്ങളിലൂടെയൊന്നും ഒരിക്കലും മനുഷ്യന്റെ ആത്മീയത വളരില്ല. യഥാർത്ഥമായ ആത്മീയതയിൽ സ്നേഹവും സഹനവും ത്യാഗവുമുണ്ട്. യേശു പഠിപ്പിച്ച ആത്മീയത എല്ലാ ആരാധനാലയങ്ങളിലും പരിശീലിപ്പിക്കപ്പെട്ടാൽ ലോകത്തു വലിയ വെളിച്ചമുണ്ടാകും.




☺കൃപയുടെ സുവിശേഷവുമായി നടക്കുന്ന കൃപാവരപ്രാപ്തരോട് താങ്കൾക്ക് പറയാനുള്ളത്.

*അക്സാ ചെറിയാൻ, മുളവന, കൊല്ലം.*

**☹ആദ്യം നിങ്ങളുടെ ദൈവം ആരാണെന്ന് ഉറപ്പുവരുത്തണം.**

☺അനുഗ്രഹക്കാരുടെ അനുഗ്രഹത്തെ എങ്ങനെ നോക്കിക്കാണുന്നു.

*ജോൺ വർഗ്ഗീസ്, പൈങ്ങുട്ടി, ഇലഞ്ഞി.*

**☹ആക്സിഡന്റ് ബനഫിറ്റ്.**

☺എല്ലാറ്റിനും സ്ത്രീകൾക്ക് സംവരണം. പുരുഷനുമാത്രം ഒന്നുമില്ല.

*ജെ.ജോസഫ്, കൊച്ചാറ, ഇടുക്കി.*

**☹നട്ടെല്ലുള്ള, സംവരണം ആവശ്യമില്ലാത്തവരെയാണ് പുരുഷൻ എന്നു വിളിക്കുന്നത്.**

☺ ബല്ലും ബ്രെയ്ക്കും ഇല്ലാത്ത വണ്ടികളാണ് ഇന്നത്തെ ന്യൂജനറേഷൻ സഭകൾ എന്നു പറഞ്ഞാൽ.

*വി.എ.തോമസുകുട്ടി, മുള്ളിപ്ര, കാരക്കുളം.*

**☹ആക്സിലേറ്ററും ഡിക്കിയും മാത്രമുള്ള വണ്ടികൾ.**

☺ആത്മീയന് ബോധമാണോ, കുറ്റബോധമാണോ വേണ്ടത്.

*ജേക്കബ് കുര്യൻ, വെളിയന്നൂർ, തൃശൂർ.*

**☹അവബോധം.**

☺പൊതുജനം വിലകല്പിക്കാത്ത പ്രസംഗകരുടെയും അത്ഭുത വീരന്മാരുടെയും ബോർഡുകൾ എന്തിനാണ് റോഡരുകിൽ സ്ഥാപിക്കുന്നത്.

*ജോയി പാറക്കടവ്, മണിപ്പുഴ, മൂലവട്ടം.*

**☹റോഡിലെ ബോർഡുകളിലൂടെയാണ് അവർ ജീവിക്കുന്നത്.**


☺കയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന നെല്ലിക്കയുടെ അവസ്ഥയിലാണ് ആത്മീയം എന്നു പറഞ്ഞാൽ.

*എഡിസൻ പനവേലിൽ, ഇളമ്പൽ, കൊല്ലം.*

**☹നെല്ലിക്ക നെല്ലിമരമായി ക്ഷമയുടെ നെല്ലിപ്പലക മുറിച്ചെടുക്കാവുന്ന നിലയിലായി.**

# അവസരവാദ ആത്മീയം

ആധുനിക ലോകത്തിൽ തെറ്റും ശരിയും തിരിച്ചറിയാൻ മനുഷ്യർ നന്നേ ക്ലേശിക്കേണ്ടിവരുന്നുണ്ട്. ശരിയെന്നു കരുതിയവ തെറ്റെന്നും തെറ്റെന്ന് ചൂണ്ടിക്കാട്ടിയവ ശരിയെന്നും സമർത്ഥിക്കുന്ന ധാരാളം സംഭവങ്ങൾ നമുക്കു ചുറ്റുമുണ്ട്. ഈ അവസരങ്ങൾ മുതലെടുത്തുകൊണ്ടുതന്നെ തെറ്റിനെ ശരിയാക്കാനും മനുഷ്യർ ശ്രമിക്കുന്നുണ്ട്. തെറ്റ് ആരു ചെയ്താലും തെറ്റാണെന്നുള്ളതിൽനിന്നു ചിലരൊക്കെ തെറ്റുചെയ്താൽ കുഴപ്പമില്ല എന്ന അവസ്ഥയിലെത്തി.



സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു യാത്രചെയ്ത അവസരത്തിൽ അടച്ചിട്ടിരുന്ന റെയിൽവേ ഗേറ്റ് തുറക്കാൻ ഉദ്യോഗസ്ഥർ വാച്ച്മാനെ നിർബന്ധിച്ചു. ട്രെയിൻ വരുന്നതിനുമുൻപ് പ്രധാനമന്ത്രിയുടെ വാഹനവ്യൂഹം കടത്തിവിടാൻ സമയം ഉണ്ട് എന്ന് അവർ വാദിച്ചു. ഉദ്യോഗസ്ഥർ അയാൾക്കെതിരെ അസഭ്യവർഷം ചൊരിഞ്ഞെങ്കിലും വാച്ച്മാൻ മിണ്ടിയില്ല. ഗേറ്റ് തുറന്നതുമില്ല. ട്രെയിൻ പോയിക്കഴിഞ്ഞതിനുശേഷം അവർ യാത്ര തുടർന്നു. ഒരാഴ്ച തികയും മുമ്പ് വാച്ച്മാന് നെഹ്റുവിന്റെ കൈപ്പടയിൽ ഒരു കത്ത് കിട്ടി. ഉള്ളടക്കം ഇങ്ങനെ ആയിരുന്നു.

“സ്വന്തം തൊഴിലിനോട് കാട്ടിയ ആത്മാർത്ഥതയ്ക്ക് അഭിനന്ദനങ്ങൾ. എന്നാൽ ഇന്ന് സ്ഥിതി അതല്ല.”

സത്യവിശ്വാസി ശരിയും തെറ്റും തിരിച്ചറിയുന്നവനാണ്. ആശയക്കുഴപ്പങ്ങൾക്കിടയിൽ പാകതയോടെ ചിന്തിക്കാൻ കഴിയുന്നവനാണ്. ആവശ്യങ്ങൾക്കനുസൃതമായി ശരിയും തെറ്റും ഉണ്ടാക്കിയെടുക്കുന്നവൻ അല്ല. കാര്യങ്ങൾക്കായി നിയമങ്ങളോ മാമൂലുകളോ, ദൈവവചനം പോലുമോ വളച്ചൊടിക്കുന്ന പ്രലോഭനങ്ങളുടെ പാതയിൽ, കാലുകൾ ഇടറാതെ നിൽക്കുവാൻ ദൈവമക്കൾക്ക് കഴിയണം. ദൈവത്തിന്റെ കൂടാരത്തിൽ ചിരകാലം വസിക്കുവാനുള്ള ആഗ്രഹത്തിൽ നിറഞ്ഞുതുളുമ്പിയാണ് നമ്മുടെ യാത്ര. പക്ഷേ ആ യാത്ര പൂർത്തീകരിക്കുവാൻ ദൈവംതന്നെ ചില കരുതലുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. കറ കൂടാതെ ജീവിക്കണമെന്നും നീതി പ്രവർത്തിക്കണമെന്നും ഹൃദയത്തിൽ സത്യമുണ്ടാകണമെന്നും നാവുകൊണ്ട് വഞ്ചിക്കരുതെന്നും സങ്കീർത്തകൻ വിളിച്ചുപറയുന്നതു ദൈവത്തിന്റെ വാക്കുകൾതന്നെയാണ്.

നാം ചുവന്ന വര വരച്ച് സൂക്ഷിക്കേണ്ട ചില പ്രമാണങ്ങളുണ്ട്. അതിലാദ്യത്തേത് തെറ്റ് ആരു ചെയ്താലും തെറ്റാണെന്നുള്ളതാണ്. രണ്ടാമത്തേത് എത്രയേറെ സമ്മർദ്ദങ്ങൾ ഉണ്ടായാലും തെറ്റ് ശരിയെന്നു സമ്മതിക്കില്ല എന്നതും മൂന്നാമത്തേത് തെറ്റിന്റെ വഴികളിൽ നിന്ന് എത്ര നഷ്ടമുണ്ടായാലും മാറിനിൽക്കുക എന്നതുമാണ്. വിട്ടുവീഴ്ചയ്ക്ക് തയാറാവുക എന്നത് ഇന്നത്തെ ഒരു സാധാരണ പ്രയോഗമാണ്. കുടുംബ ബന്ധങ്ങളിൽ, സ്നേഹബന്ധങ്ങളിൽ, കൊടുക്കൽ വാങ്ങലുകളിൽ എല്ലായിടത്തും മുഴങ്ങിക്കേൾക്കുന്ന പദമാണിത്. എന്നാൽ, വിട്ടുവീഴ്ച തിന്മയോടുള്ള സഹവാസമായി അധഃപതിക്കുമ്പോൾ അഥവാ ശരി മനഃപൂർവം മൂടിവയ്ക്കുമ്പോൾ വിട്ടുവീഴ്ചയെന്നത് നമ്മെ ബാധിക്കുന്ന ഒരു രോഗമായി - പാപമായി മാറുന്നു. തെറ്റു ചെയ്യാനുള്ള വിട്ടുവീഴ്ചകളിൽ നിന്ന് ശരികൾക്കുവേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളിൽ ഉറച്ചുനിൽക്കുവാൻ നമുക്കുത്സാഹിക്കാം.





Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul’s Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew